**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1766** **11-10-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യനീതി വകുപ്പ് മുഖേനയുള്ള ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളും അവയുടെ മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളും അവയുടെ മാനദണ്ഡങ്ങളും അനുബന്ധമായി ചേർക്കുന്നു |
| (ബി) | പെൻഷൻ പ്രായം ആകാത്ത നിത്യരോഗികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന പെൻഷൻ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്നും അവയുടെ മാനദണ്ഡങ്ങളും വിശദമാക്കുമോ; | (ബി) | പെൻഷൻ പ്രായം ആകാത്ത നിത്യരോഗികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേനപെൻഷൻ പദ്ധതികളൊന്നും നിലവിലില്ല.പുതിയ പദ്ധതികൾ നിലവിൽ പരിഗണനയിലില്ല |
| (സി) | പെൻഷൻ പ്രായം ആകാത്ത നിത്യരോഗികൾക്ക് പെൻഷൻ പദ്ധതികൾ നിലവിലില്ലെങ്കിൽ ആയത് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (സി) | പെൻഷൻ പ്രായം ആകാത്ത നിത്യരോഗികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേനപെൻഷൻ പദ്ധതികളൊന്നും നിലവിലില്ല.പുതിയ പദ്ധതികൾ നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

**സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗം, വയോജന വിഭാഗം, ട്രാൻസ്ജെൻഡർ ക്ഷേമം, പ്രൊബേഷൻ ആന്റ് ആഫ്റ്റർകെയർ സംവിധാനം ,മറ്റു ദുർബല ജനവിഭാഗം എന്നിവരുടെ ക്ഷേമത്തിനായി സാമൂഹ്യനീതി ഡയറക്ട്രേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | മാനദണ്ഡം |
|---|---|---|
| | **മുതിർന്ന പൗരനമാർ** | |
| 1 | **വയോരക്ഷ പദ്ധതി-** അടിയന്തിര സാഹചര്യങ്ങൾ നേരിടേണ്ടി വരുന്ന വയോജനങ്ങൾക്ക് ചികിത്സ, പുനരധിവാസം, കെയർ ഗിവറുടെ സഹായം, എന്നിവ നൽകുന്ന പദ്ധതി | a) BPL കുടുംബങ്ങളിലെ മുതിർന്ന പൗരന്മാർക്ക് പ്രസ്തുത സേവനം ലഭ്യമാക്കാവുന്നതാണ്.<br>b) അടിയന്തിര പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തിര ശസ്ത്രക്രിയ, കോവിഡുമായി ബന്ധപ്പെട്ടുള്ള ചികിത്സ, ആംബുലൻസ്സേവനം, പുനരധിവാസം, കെയർ ഗിവർമാരുടെ സഹായം, വയോജനങ്ങൾക്ക് ഉപയോഗ്യമായ അത്യാവശ്യ ഉപകരണങ്ങൾ വാങ്ങുക എന്നിവയ്ക്ക് തുക വിനിയോഗിക്കാം.<br>c) ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുന്നമുതിർന്ന പൗരന്മാരെയോ അലഞ്ഞുതിരിഞ്ഞു കാണപ്പെടുന്ന മുതിർന്നപൗരന്മാരെയോ സുരക്ഷിതമായ പുനരധിവാസ കേന്ദ്രത്തിലെത്തിക്കുന്നതിനും |

| | | |
|---|---|---|
| | | ആയതിനു മുൻപായുള്ള മെഡിക്കൽ പരിശോധനയ്ക്കും ഭക്ഷണത്തിനും സേവനം ലഭ്യമാകും.<br>d) പ്രകൃതി ദുരന്തത്തിനിരയാകുന്ന മുതിർന്നപൗരന്മാർക്ക് അടിയന്തിര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകുന്നതിനു പദ്ധതിപ്രകാരം സേവനം ലഭ്യമാകും.<br>e) മുതിർന്ന പൗരന്മാർക്കെതിരെയുള്ള ആക്രമണങ്ങൾ മറ്റ് ഗുരുതരമായ അപകടം, പൊള്ളൽ ഏൽക്കുക എന്നിവയ്ക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിനും പദ്ധതി തുക വിനിയോഗിക്കാവുന്നതാണ്. |
| **2.** | **മന്ദഹാസം പദ്ധതി**.<br>(ദാരിദ്ര്യരേഖക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര സൗജന്യമായി വച്ചുപിടിപ്പിച്ച് കൊടുക്കുന്ന പദ്ധതി) | 1. ദാരിദ്ര്യരേഖക്ക് താഴെയുള്ള 60 വയസ്സ് തികഞ്ഞവർ.<br>2. പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവരും, അതല്ലെങ്കിൽ ഭാഗീകമായി നഷ്ടപ്പെട്ട് അവശേഷിക്കുന്നവ ഉപയോഗയോഗ്യ മല്ലാത്തതിനാൽ പറിച്ചു നിക്കേണ്ട അവസ്ഥയിലുള്ളവർ.<br>3. കൃത്രിമ പല്ലുകൾ വെക്കുന്നതിന് അനിയോഗ്യമെന്ന് യോഗ്യത |

| | | |
|---|---|---|
| | | നേടിയ ദന്തിസ്റ്റ് നിശ്ചിത ഫോറത്തിൽ സാക്ഷ്യപ്പെടുത്തിയവർ. എന്നാൽ ഭാഗീകമായി മാത്രം പല്ലുകൾ മാറ്റി വെക്കുന്നതിന് ഈ പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുന്നതല്ല. ഗുണഭോക്താക്കളുടെ എണ്ണം പരിമിതപ്പെടുത്തേണ്ട ഘടകങ്ങ ളുണ്ടാകുമ്പോൾ ഏറ്റവും പ്രായം കൂടിയവർക്ക് മുൻഗണന നല്കുന്നതും പ്രായം കുറഞ്ഞവരെ മാറ്റി നിർത്തുന്നതു മായിരിക്കും. സർക്കാർ ഡോക്ടർ നൽകുന്ന കംപ്ളീറ്റ് ഡഞ്ച്ചർ ആവശ്യമാണെന്ന സർട്ടിഫിക്കറ്റ് സഹിതം വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് അപേക്ഷകൾ നൽകേണ്ടത്. |
| 3 | **വയോമധുരം പദ്ധതി** ദാരിദ്ര്യരേഖക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരിക്ഷിക്കുന്നതിന് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്നപദ്ധതി | അപേക്ഷകൻ/അപേക്ഷക പ്രമേഹ രോഗിയാണെന്ന് അംഗീകൃത ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം. അപേക്ഷകൻ/അപേക്ഷക 60 വയസ്സോ അതിനു മുകളിലോ പ്രായം ഉള്ളവരായിരിക്കും. കൂടുതൽ അപേക്ഷകർ ഉള്ള പക്ഷം പ്രായത്തിൽ |

| | | |
|---|---|---|
| | | മുതിർന്നവർക്ക് മുൻഗണന നൽകണം. അപേക്ഷകൻ/അപേക്ഷക ബി.പി.എൽ വരുമാന പരിധിയിൽപ്പെട്ട ആളാകണം. വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് അപേക്ഷ നൽകേണ്ടത്. |
| 4 | **മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007** നടപ്പാക്കുന്നതിനായി മെയിന്റനൻസ് ട്രൈബ്യൂണലുകളായി നോട്ടിഫൈ ചെയ്തിട്ടുള്ളത് റവന്യൂ ഡിവിഷണൽ ഓഫീസർമാരെയാണ്. മെയിന്റനൻസ് കേസുകളുമായി ബന്ധപ്പെട്ട സ്വത്തു തർക്കങ്ങളും മറ്റ് പരാതികളും ട്രൈബ്യൂണലുകൾ മുഖേന തീർപ്പാക്കി വരുന്നു. | പ്രസ്തുത നിയമ പ്രകാരം മക്കൾ/സംരക്ഷിക്കാത്ത മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും ആർ ഡി ഒ ഓഫീസിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| 5 | **വയോ അമൃതം പദ്ധതി** സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സർക്കാർ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ആരോഗ്യ പരിരക്ഷയ്ക്കായി ഭാരതീയ ചികിത്സാ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പദ്ധതി. | വകുപ്പിൻ കീഴിലുള്ള വൃദ്ധസദനങ്ങളിലെ താമസക്കാരായിരിക്കണം |

| | | |
|---|---|---|
| 6 | **സായംപ്രഭ പദ്ധതി** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ കൊടുത്തുകൊണ്ട് അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതിയാണ് സായംപ്രഭാ ഹോം പദ്ധതി. ബന്ധപ്പെട്ട പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനിലെ 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാരെയാണ് ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. കുറഞ്ഞത് 20 ഗുണഭോക്താക്കൾക്കെങ്കിലും ഒരു സായംപ്രഭ ഹോമിലൂടെ സേവനം നൽകാവുന്നതാണ്. | ബന്ധപ്പെട്ട പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനിലെ 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാരായിരിക്കണം |
| 7 | **ദു ർബല ജനവിഭാഗം ഗ്രാന്റ്** അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞു തിരിയുന്നവർക്കും രോഗം ഭേദമായതിനുശേഷം ആരും സ്വീകരിക്കാനില്ലാതെ ആശുപത്രിയിൽ തന്നെ കഴിയുവാൻ നിർബന്ധിതരായിട്ടുള്ള പ്രായപൂർത്തിയായ സ്ത്രീ പുരുഷന്മാർക്ക് സംരക്ഷണം ഉറപ്പവരുത്തുന്നതിനുമായുള്ള പദ്ധതി | ആശുപത്രികളിൽ ഉപേക്ഷിക്കപ്പെടുന്നവർ, ആരോരും സംരക്ഷിക്കാനില്ലാതെ തെരുവിൽ അലയുന്നവർ എന്നിവർക്കാണ് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നത്. |

| | ഭിന്നശേഷിക്കാർ | |
|---|---|---|
| **ക്രമ നം** | **പദ്ധതിയുടെ പേര്** | **മാനദണ്ഡം** |
| | **വിദ്യാകിരണം**<br>40% മോ അതിന് മുകളിലോ ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് ഒന്നാം ക്ലാസ്സ് മുതൽ പിജി/പ്രൊഫഷണൽ കോഴ്സുകൾ (സർക്കാർ അംഗീകൃത കോഴ്സുകൾ) പഠിക്കുന്നതിനായി സ്കോളർഷിപ്പ് നൽകുന്ന പദ്ധതി | (1) ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ( രണ്ടു പേരും/ ആരെങ്കിലും ഒരാൾ) മക്കൾക്ക് ഈ പദ്ധതി പ്രകാരം സ്കോളർഷിപ്പ് ലഭിക്കും.<br>(2) മാതാവിൻറെയോ, പിതാവിൻറെയോ വൈകല്യത്തിൻറെ തോത് 40 ശതമാനമോ അതിനുമുകളിലോ ആയിരിക്കണം.<br>(3) നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം വരുമാനം തെളിയിക്കുന്നതിന് ബി.പി.എൽ റേഷൻ കാർഡിൻറെ പകർപ്പ്/വില്ലേജ് ഓഫീസറുടെ വരുമാനസർട്ടിഫിക്കറ്റ്,(വരുമാന പരിധി 1,00,000/-) ഡിസബിലിറ്റി സർട്ടിഫിക്കറ്റിൻറെ പകർപ്പ്/ ഡിസബിലിറ്റി തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ ഹാജരാക്കണം.<br>(4) എല്ലാ ക്ലാസുകളിലെയ്ക്കും പരമാവധി 10 മാസത്തേയ്ക്കാണ് സ്കോളർഷിപ്പ് അനുവദിക്കുക.<br>(5) ഒരു ക്ലാസിലേയ്ക്ക് ഒരു |

| | | |
|---|---|---|
| | | തവണ മാത്രമേ സ്കോളർഷിപ്പ് അനുവദിക്കുകയുള്ളൂ.<br>(6) മറ്റ് പദ്ധതികൾ പ്രകാരം വിദ്യാഭ്യാസ ധനസഹായം ലഭിക്കുന്നവർക്ക് ഈ പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹത യുണ്ടായിരിക്കില്ല.<br><br>(7) വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് അപേക്ഷകൾ നൽകേണ്ടത്. |
| | **വിദ്യാജ്യോതി**<br>ഗവ.എയ്ഡഡ്/ autonomous സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒമ്പതാം ക്ലാസ്സ് മുതൽ പി ജി കോഴ്സ് വരെ 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പഠന അനുബന്ധ ആവശ്യങ്ങൾക്കുള്ള ധനസഹായം നൽകുന്ന പദ്ധതി) | (1) അപേക്ഷകൻ/ അപേക്ഷക സർക്കാർ/ എയ്ഡഡ് സ്ഥാപനത്തിൽ പഠിക്കുന്ന ആളായിരിക്കണം<br>(2) അപേക്ഷകന് 40% -മോ അതിന് മുകളിലോ ഭിന്നശേഷിയുണ്ടെന്ന് മെഡിക്കൽ ബോർഡ് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം.<br>(3) വരുമാന പരിധി 1,00,000/-<br>(4) വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവി അപേക്ഷയിൽ നിർബന്ധമായും സാക്ഷ്യപ്പെടുത്തേണ്ടതാണ്.<br>(5) BPL വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്. |

| | | |
|---|---|---|
| | | (6) വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് അപേക്ഷകൾ നൽകേണ്ടത്. |
| | **ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ്**<br>40% യോഗ്യതാ മാർക്കുള്ള ഒന്നാം ക്ലാസ് മുതൽ Professional, PG courses വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടി കൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി | (1) അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 36,000/- രൂപയും,<br>(2) വിദ്യാലയ മേധാവി മുഖാന്തിരം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം.<br>(3) വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേനയാണ് അപേക്ഷ നൽകേണ്ടത്. |
| | **വിദൂര വിദ്യാഭ്യാസ ധനസഹായം**<br>വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽ തന്നെ പഠനം നടത്തുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഓപ്പൺ സ്കൂൾ/കോളേജ്, വിദൂര വിദ്യാഭ്യാസം മുഖേന ഡിഗ്രി തലത്തിലും പി.ജി തലത്തിലും വിദ്യാഭ്യാസം ചെയ്യുന്നതിന് ഒരു വർഷം വരെ ധനസഹായം നൽകുന്ന പദ്ധതി<br>പരമാവധി 10,000/- രൂപവരെ അനുവദിക്കുന്നു | (1) ഓപ്പൺ യുണിവേർസിറ്റി, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴികേരളത്തിനകത്തെ യുണിവേർസിറ്റികളിൽ രജിസ്റ്റർ ചെയ്ത് ഡിഗ്രിക്കും, അതിനുമുകളിലും പഠിക്കുന്ന ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം.<br>(2) വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാൻ പാടില്ല.<br>(3) ബന്ധപ്പെട്ട കോഴ്സിന്റെ കാലദൈർഘ്യത്തിൽ മാത്രമേ ധനസഹായം അനുവധിക്കുകയുള്ളു.<br>(4) ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് |

| | | |
|---|---|---|
| | | പഠിക്കുന്നത്തിനാണ് സ്കോളർഷിപ്പ് നൽകുക. (5) ഓരോ വർഷവും കൃത്യമായി പരീക്ഷയ്ക്ക് ഹാജരാകുന്നവർക്ക് മാത്രമേ തുടർ ധനസഹായത്തിന് അർഹത യുണ്ടായിരിക്കുകയുള്ളു. (6) വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് അപേക്ഷ നൽകേണ്ടത്. |
| | **വിജയാമൃതം** ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളിൽ ബിരുദം/തത്തുല്യ കോഴ്സുകൾ, ബിരുദാനന്തര ബിരുദം / പ്രൊഫഷണൽ ബിരുദം വിഭാഗങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് ധനസഹായം നൽകുന്ന പദ്ധതി ബിരുദം/തത്തുല്യ കോഴ്സ്കൾക്ക് 8000/- രൂപയും, ബിരുദാനന്തര ബിരുദം&പ്രൊഫഷണൽ കോഴ്സുകൾക്ക് 10,000/- രൂപയും ധനസഹായം അനുവദിക്കുന്നു. | 1) അപേക്ഷകർ സർക്കാർìസർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾì കോളേജുകൾìമറ്റ് അംഗീകൃത സ്ഥാപനങ്ങൾ (പാരലൽ കോളേജ്, വിദൂര വിദ്യാഭ്യാസം) എന്നിവിടങ്ങളിൽ നിന്നും പാസായവരായിരിക്കണം. 2) കേരളത്തിനുള്ളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിജയിച്ചവർ മാത്രമേ പദ്ധതി പ്രകാരം അപേക്ഷിക്കേണ്ടതുള്ളു. 3) ധനസഹായത്തിന് യോഗ്യത നേടിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (മാർക്ക് ലിസ്റ്റ്സഹിതം), ആധാർ കാർഡ്, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, എന്നിവ ഗസറ്റഡ് ഓഫീസർ |

| | | |
|---|---|---|
| | | സാക്ഷ്യപ്പെടുത്തിയതും Bank Passbookന്റെ പകർപ്പ്, എന്നിവയും അപേക്ഷയോടൊപ്പം ഹാജരാക്കണം.<br>4) അപേക്ഷകൻ ആദ്യ അവസരത്തിൽ തന്നെ പരീക്ഷകൾ പാസായിരിക്കണം.<br>5) ഒരേ യോഗ്യതയുള്ള ഒന്നിലധികം പേർ ഉണ്ടെങ്കിൽ വൈകല്യ തോത് കൂടുതലുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.<br>(6)വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് അപേക്ഷകൾ നൽകേണ്ടത്. |
| | **പരിണയം I**<br>സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം 30,000/- രൂപ ധനസഹായം അനുവദിക്കുന്നു. | a) അപേക്ഷകരായ ഭിന്നശേഷിയുള്ള വ്യക്തിയുടേയും കുടുംബത്തിൻറ്റേയും എല്ലാ ഇനത്തിലും കൂടിയുള്ള മൊത്തവരുമാനം 1,00,000/ - രൂപയിൽ കൂടാൻ പാടില്ല.<br>b) 2 പെൺമക്കളുടെ വിവാഹത്തിന് ധനസഹായ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ആദ്യത്തെ ധനസഹായം അനുവദിച്ച് കഴിഞ്ഞ് ചുരുങ്ങിയത് 3 വർഷത്തിന് ശേഷം മാത്രമേ രണ്ടാമത്തെ കുട്ടിയുടെ ധനസഹായ അപേക്ഷ സമർപ്പിക്കാൻപാടുള്ളു. 3 |

| | | |
|---|---|---|
| | | വർഷം ഇളവ് ചെയ്യുന്നതിനുള്ള എന്നത് അധികാരം സാമൂഹ്യക്ഷേമ ഡയറക്ടർക്കിൽ നിക്ഷിപതമായിരിക്കും.<br>c)ധനസഹായത്തിന് അപേക്ഷിക്കുന്ന ദിവസം വിവാഹം ചെയ്ത് അയക്കാൻ നിദ്ദേശിക്കുന്ന പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയായിരിക്കണം.<br>d) ഈ നിബന്ധനകൾ അനുസരിച്ചുള്ള സഹായധനം ഒരിക്കൽ ലഭിച്ചു കഴിഞ്ഞതിനു ശേഷം ഏതെങ്കിലും കാരണവശാൽ നിലവിലുള്ള നിയമപ്രകാരം വിവാഹബന്ധം വേർപെടുത്തേണ്ടിവരുകയും രണ്ടാമത് വിവാഹം അതെ പെൺകുട്ടിക്ക് കഴിക്കേണ്ടി വരികയും ആണെങ്കിൽ അത്തരത്തിൽ ഉള്ള രണ്ടാം വിവാഹത്തിനും സഹായ ധനം നൽകാവുന്നതാണ്. അങ്ങനെവരുമ്പോൾ മുൻഭർത്താവിൽ നിന്നും ലഭിക്കുന്നകോമ്പൻസേഷനോസംരക്ഷണച്ചിലവോ കൂടികണക്കിലെടുത്തുകൊണ്ടാവണം കുടുംബവാർഷിക വരുമാനം കണക്കാക്കേണ്ടതാണ്.<br>e) അപേക്ഷകനായ ഭിന്നശേഷിക്കാരൻ |

| | | |
|---|---|---|
| | | പെൺമക്കളുടെ വിവാഹത്തിന് മുമ്പേമരിച്ചു പോകുകയാണെങ്കിൽ ആകുടുംബത്തിലെ മൂത്ത അംഗത്തിനോവിവാഹം നടത്തിക്കേണ്ട ചുമതലയുള്ള കുടുംബത്തിലെ മറ്റ് ഏതെങ്കിലും അംഗത്തിനോ പ്രസ്തുത ധനസഹായം ഈടിന്മേൽ നൽകാവുന്നതാണ്. കുടുംബത്തിൽ മറ്റ് അംഗങ്ങൾ ആരുംതന്നെ ഇല്ലാത്തപക്ഷം വിവാഹം നടത്തി കൊടുക്കുന്നതിന് മുമ്പോട്ട് വരുന്നവർക്ക് തക്കതായ ഈടിന്മേൽ സഹായധനം നൽകാവുന്നതാണ് .ഇത് സംബന്ധിച്ച് വിവാഹിത യാകേണ്ട പെൺകുട്ടിയുടെ സമ്മതപത്രം കൂടിആവശ്യമാണ്.<br>f)അപേക്ഷകനായ ഭിന്നശേഷിക്കാരൻ തന്റെ മകളുടെ വിവാഹത്തിന് ശേഷംഎന്നാൽ ധനസഹായം ലഭിക്കുന്നതിന്മുമ്പ് മരിച്ചുപോവുകയാണെങ്കിൽ കുടുംബത്തിലെ മൂത്ത അംഗത്തിനോ വിവാഹം നടത്തി കൊടുത്ത അംഗത്തിനോ വ്യക്തിക്കോ തക്കതായ ഈടിന്മേൽ ധനസഹായം നൽകാവുന്നതാണ്. |

| | | |
|---|---|---|
| | | അത്തരം സന്ദർഭങ്ങളിൽ മേൽ പറഞ്ഞ കുടുംബാംഗം / വ്യക്തി ധനസഹായം വാങ്ങുന്നതിന് ഉത്തരവാദിത്തപ്പെട്ട ആളാണെന്ന് വികാലഗന്റെ മകളും വിവാഹിതയായ സ്ത്രീ ഒരുസാക്ഷ്യപത്രം നൽക്കേണ്ടതാണ്.<br>g) വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് അപേക്ഷകൾ നൽകേണ്ടത്. |
| | **പരിണയം II** സാമ്പത്തികമായി പിന്നോക്കാ വസ്ഥയിലുള്ള ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്ക് വിവാഹ ധന സഹായം നൽകുന്ന പദ്ധതി 30,000/- രൂപ ധനസഹായം അനുവദിക്കുന്നു. | a) അപേക്ഷകരായ ഭിന്നശേഷിയുള്ള വ്യക്തിയുടേയും കുടുംബത്തിൻറ്റേയും എല്ലാ ഇനത്തിലും കൂടിയുള്ള മൊത്തവരുമാനം 1,00,000/- രൂപയിൽ കൂടാൻപാടില്ല.<br>b) ധനസഹായത്തിന് അപേക്ഷിക്കുന്ന ദിവസം വിവാഹം ചെയ്ത് അയക്കാൻ നിർദ്ദേശിക്കുന്ന പെൺകുട്ടിക്ക് 18 വയസ്സ്പൂർത്തിയായിരിക്കണം.<br>c) ഈ നിബന്ധനകൾ അനുസരിച്ചുള്ള സഹായ ധനം ഒരിക്കൽ ലഭിച്ചു കഴിഞ്ഞതിനു ശേഷം ഏതെങ്കിലും കാരണവശാൽ നിലവിലുള്ള നിയമപ്രകാരം വിവാഹബന്ധം വേർപെടുത്തേണ്ടിവരുകയും രണ്ടാമത് വിവാഹം അതെപെൺകുട്ടിക്ക് |

| | | |
|---|---|---|
| | | കഴിക്കേണ്ടി വരികയും ആണെങ്കിൽ അത്തരത്തിൽലുള്ള രണ്ടാം വിവാഹത്തിനും സഹായധനം നൽകാവുന്നതാണ്. അങ്ങനെയവരുമ്പോൾ മുൻ ഭർത്താവിൽ നിന്നും ലഭിക്കുന്ന കോമ്പൻസേഷനോ സംരക്ഷണച്ചിലവോ കൂടി കണക്കിലെടുത്തുകൊണ്ടാ വണം കുടുംബ വാർഷിക വരുമാനം കണക്കാക്കേണ്ടതാണ്.<br>d) അപേക്ഷകനായ ഭിന്നശേഷിക്കാരൻ പെൺമക്കളുടെ വിവാഹത്തിന് മുമ്പേ മരിച്ചുപോകുകയാണെങ്കിൽ ആ കുടുംബത്തിലെ മൂത്ത അംഗത്തിനോ വിവാഹം നടത്തിക്കേണ്ട ചുമതലയുള്ള കുടുംബത്തിലെ മറ്റ്ഏതെങ്കിലും അംഗത്തിനോ പ്രസ്തുത ധനസഹായം ഈടിന്മേൽ നൽകാവുന്നതാണ്. കുടുംബത്തിൽ മറ്റ് അംഗങ്ങൾ ആരുംതന്നെ ഇല്ലാത്തപക്ഷം വിവാഹം നടത്തികൊടുക്കുന്നതിന് മുമ്പോട്ട് വരുന്നവർക്ക് തക്കതായ ഈടിന്മേൽ സഹായധനം നൽകാവുന്നതാണ് .ഇത് സംബന്ധിച്ച് |

| | | |
|---|---|---|
| | | വിവാഹിതയാകേണ്ട പെൺകുട്ടിയുടെ സമ്മതപത്രംകൂടി ആവശ്യമാണ്.<br>e) അപേക്ഷകനായ ഭിന്നശേഷിക്കാരൻ തന്റെമകളുടെ വിവാഹത്തിന് ശേഷം എന്നാൽ ധനസഹായം ലഭിക്കുന്നതിന് മുമ്പ്മരിച്ചുപോവുകയാണെങ്കിൽ കുടുംബത്തിലെ മൂത്ത അംഗത്തിനോ വിവാഹം നടത്തികൊടുത്ത അംഗത്തിനോ വ്യക്തിക്കോ തക്കതായ ഈടിന്മേൽ ധനസഹായം നൽകാവുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ മേൽ പറഞ്ഞ കുടുംബാംഗം / വെക്തി ധനസഹായം വാങ്ങുന്നതിന് ഉത്തരവാദിത്തപ്പെട്ട ആളാണെന്ന് ഭിന്നശേഷിക്കാരന്റെ മകളും വിവാഹിതയായ സ്ത്രീ ഒരുസാക്ഷ്യപത്രം നൽക്കേണ്ടതാണ്.<br>f) വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് അപേക്ഷകൾ നൽകേണ്ടത്. |
| | **കാഴ്ച പരിമിതി നേരിടുന്ന അഡ്വക്കേറ്റുമാർക്കുള്ള പദ്ധതി** | a. അപേക്ഷകർ കേരളത്തിൽ താമസിക്കുന്നവരായിരിക്കണം. |

| | | |
|---|---|---|
| | സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടിസ് ചെയ്യുന്ന കാഴ്ചാ പരിമിതിയുള്ള അഡ്വക്കേറ്റുമാർക്ക് എക്സ്ഗ്രേഷ്യാ അലവൻസും വായനാ സഹായി അലവൻസും അനുവദിക്കുന്ന പദ്ധതി | b. അപേക്ഷകർ സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടീസ് ചെയ്യുന്നവരായിരിക്കണം.<br>c. കുടുംബത്തിന്റെ വാർഷിക വരുമാനം 1,00,000 /- രൂപയിൽ അധികമാവരുത്.<br>d. അഭിഭാഷകരുടെ വായന സഹായിയാകുന്ന വ്യക്തി S S L C പരീക്ഷയെങ്കിലും പാസായിരിക്കണം.<br>e. വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേനയാണ് അപേക്ഷ നൽകേണ്ടത്. |
| | **സഹായ ഉപകരണ വിതരണ പദ്ധതി**<br>ഭിന്നശേഷിത്വം മറികടക്കാനും ജീവിതം ആയാസ രഹിതമാക്കാനും ഉതകുന്ന നൂതന സാങ്കേതിക ഉപകരണങ്ങൾ നൽകുന്നതിലൂടെ അവരുടെ പുനരധിവാസവും ഉറപ്പ് വരുത്തുന്ന പദ്ധതി. Joy Stick, Operated Wheel Chair, Smart Phone with Screen Reader, Daisy Player, Cerebral Palsy Wheel Chair, Talking Calculator എന്നീ ഉപകരണങ്ങൾ നൽകുന്നു. | (a) 40% മോ അതിൽ കൂടുതലോ വൈകല്യമുള്ളവരായിരിക്കണം<br>(b) വരുമാനം പരമാവധി 1 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്.<br>(c) ഇതിനകം സഹായോപകരണങ്ങൾ മറ്റ് സർക്കാർì സർക്കാരിതര സ്ഥാപനങ്ങൾì ഏജൻസികൾ മുഖേന ലഭിച്ചവർ അപേക്ഷ സമർപ്പിക്കാൻ അർഹരല്ലാത്തതാണ്.<br>(d) അപേക്ഷകർ ആവശ്യപ്പെടുന്ന സഹായോപകരണം ഉപയോഗിക്കു വാനുള്ള പ്രാപ്തിയുള്ളതായി |

| | | |
|---|---|---|
| | | മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തേണ്ടതാണ്. (f) വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് അപേക്ഷകൾ നൽകേണ്ടത്. |
| | **വികലാംഗ ദുരിതാശ്വാസ നിധി** ഭിന്നശേഷിക്കാർക്ക് ചികിത്സയ്ക്കായി ധനസഹായം നൽകുന്ന പദ്ധതി. | 1)ചികിത്സയിലാണെന്ന് ബന്ധപെട്ട ഡോക്ടർ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നു. 2) അന്ധത,ബധിരത / മൂകബധിരത, അസ്ഥിസംബന്ധമായ വൈകല്യം,ബുദ്ധി വൈകല്യം, 40 ശതമാനമോ അതിനു മുകളിലോ വൈകല്യമുള്ള വരായിരിക്കണം, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ എന്നിവരായിരിക്കണം 3) കുടുംബവാർഷിക വരുമാനം കാണിച്ചുകൊണ്ടുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് (അസ്സൽ 4) കുടുംബവാർഷിക വരുമാനം (ഗ്രാമം-20,000/- രൂപയ്ക്ക് താഴെ, നഗരം 22,375/- രൂപയ്ക്ക് താഴെയുള്ളവർക്ക് മാത്രമേ |

| | | |
|---|---|---|
| | | ധനസഹായത്തിന് അർഹതയുള്ളു.<br>5) വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് അപേക്ഷകൾ നൽകേണ്ടത്. |
| | **മാതൃജ്യോതി പദ്ധതി**<br>ഭിന്നശേഷി അവകാശ നിയമം, 2016 പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അ ടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ധന സഹായ പദ്ധതി | 1) ഒരാൾക്ക് പരമാവധി 2 തവണ മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ<br>2) വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് (വരുമാന പരിധി 1 ലക്ഷം)<br>3) വരുമാന സർട്ടിഫിക്കറ്റ് (ബി.പി.ൽ ആണെങ്കിൽ കാർഡിന്റ പകർപ്പ്.<br>3)ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്.<br>4)ആശുപത്രിയിൽ നിന്നുള്ള ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്<br>5) വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് അപേക്ഷകൾ നൽകേണ്ടത്. |
| | **സ്വാശ്രയ പദ്ധതി**<br>ഭർത്താവ് ഉപേക്ഷിച്ചതോ/ മരണപ്പെട്ടതോ ആയതും തീവ്ര ശാരീരിക – മാനസിക വെല്ലുവിളി | അപേക്ഷക BPL കുടുംബാംഗം ആയിരിക്കണം..<br>ശാരീരിക/മാനസിക |

| | | |
|---|---|---|
| | നേരിടുന്ന വ്യക്തികളെ സംരക്ഷിക്കേണ്ടി വരുന്നതുമായ മാതാവിന്/രക്ഷിതാവിന് (സ്ത്രീകൾ) സ്വയം തൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം അനുവദിക്കുന്ന പദ്ധതി. | വെല്ലുവിളി നേരിടുന്ന70 % –ൽ കൂടുതലുള്ള വ്യക്തികളുടെ മാതാവ്/രക്ഷകർത്താവിന് (സ്ത്രീകൾ) ശാരീരിക / മാനസിക വെല്ലുവിളി നേരിടുന്ന കിടപ്പു രോഗികളുടെ മാതാവ്/ രക്ഷകർത്താവിന് (സ്ത്രീകൾ) മുൻഗണന നൽകുന്നു.<br>സ്വയംതൊഴിൽ സംബന്ധിച്ച വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് സഹിതം അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യ നീതി ഓഫിസർക്ക് സമർപ്പിക്കേണ്ടതാണ്.<br>വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേനയാണ് അപേക്ഷ നൽകേണ്ടത്. |
| | **പരിരക്ഷാ പദ്ധതി**<br>അടിയന്തിര സാഹചര്യം നേരിടേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക് ആയത് അതിജീവിക്കുന്നതിനും സമൂഹത്തിൽ അവർ ഒറ്റയ്ക്കല്ല എന്ന വിശ്വാസം ഉണ്ടാക്കിയെടുക്കുന്നതിനും സർക്കാരിന്റെ/ വകുപ്പിന്റെ മറ്റ് പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്തതും വളരെ പരിതാപകരമായ | 1.സ്ത്രീ/പുരുഷ/ട്രാൻസ്ജെൻഡർ ഭേദമന്യേ എല്ലാ അംഗപരിമിതർക്ക് പ്രസ്തുത സേവനം ലഭ്യമാക്കേണ്ടതാണ്.<br>2.അടിയന്തര സാഹചര്യത്തിൽ നൽകുന്ന സേവനം ആയതിനാൽ ദാരിദ്ര്യരേഖ പരിധി വേർതിരിവ് ഒഴിവാക്കേണ്ടതാണ്.<br>3.അടിയന്തര പ്രാഥമിക ശുശ്രൂഷ നൽകൽ അടിയന്തര ശസ്ത്രക്രിയ, ആംബുലൻസ് സേവനം, |

| | | |
|---|---|---|
| | അവസ്ഥയിലുള്ള ഭിന്നശേഷിക്കാർക്കും ഒന്നിൽ കൂടുതൽ ഭിന്നശേഷിക്കാരായ വ്യക്തികൾ ഉള്ള, കുടുംബങ്ങൾക്കും ധനസഹായം അനുവദിക്കുന്ന പദ്ധതി. പദ്ധതി പ്രകാരം അടിയന്തര പ്രാഥമിക ശുശ്രൂഷ നൽകൽ അടിയന്തര ശസ്ത്രക്രിയ, ആംബുലൻസ് സേവനം, വസ്ത്രം, ഭക്ഷണം എന്നിവ അനുവദിക്കുന്നു. | വസ്ത്രം, ഭക്ഷണം നൽകൽ എന്നിവയ്ക്ക് തുക വിനിയോഗിക്കാവുന്നതാണ്.<br>4. ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുന്ന അംഗപരിമിതർ അലഞ്ഞു തിരിഞ്ഞു കാണപ്പെടുന്ന അംഗപരിമിതർ സുരക്ഷിതമായി പുനരധിവാസ കേന്ദ്രത്തിൽ എത്തിക്കുന്നതിനും അതിനു മുൻപ് ഉള്ള മെഡിക്കൽ പരിശോധനയ്ക്കും ഭക്ഷണത്തിനും വസ്ത്രത്തിനും വിനിയോഗിക്കാവുന്നതാണ്.<br>5. പ്രകൃതി ദുരന്തത്തിന് ഇരയാകുന്ന അംഗപരിമിതർക്ക് അടിയന്തര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകുന്നതിന് വിനിയോഗിക്കാ വുന്നതാണ്.<br>6. ആസിഡ് ആക്രമണമോ മറ്റ് ഗുരുതര പൊള്ളൽ ഏൽക്കുക എന്നിവയ്ക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിന് തുക വിനിയോഗിക്കാവുന്നതാണ്.<br>7. അംഗപരിമിതരുടെ ജീവനോ സ്വത്തിനോ അപകടം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തര പരിരക്ഷ നൽകുന്നതിനും തുക |

| | | |
|---|---|---|
| | | വിനിയോഗിക്കാവുന്നതാണ്. 8. വളരെ അത്യാവശ്യഘട്ടങ്ങളിൽ വ്യവസ്ഥകൾ കൂടാതെയുള്ള അനാഥരായ അംഗപരിമിതരുടെ അടിയന്തിരാ വശ്യങ്ങൾ മോണിറ്ററിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായി മോണിറ്ററിംഗ് കമ്മിറ്റിയെ ബോധ്യപ്പെടുത്താനാകുന്ന രീതിയിലോ തുക വിനിയോഗിക്കാവുന്നതാണ്. 9. ആകെ ചിലവാക്കുന്ന തുകയിൽ 25,000/- രൂപവരെ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമാകാതെ ചെലവാക്കാവുന്നതും ആയതിനു മുകളിലുള്ള ചെലവിന് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതി മുൻകൂർ ലഭ്യമാക്കിയിരിക്കേണ്ടതുമാണ്. 10) 40 ശതമാനത്തിനു മുകളിൽ വൈകല്യമുള്ളവർക്കും വൈകല്യ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളവർക്കും മാത്രം മേൽ സേവനം നൽകിയാൽ മതിയാകുന്നതാണ്. 11. പ്രാഥമിക ചികിത്സ നൽകുന്നതിന് സ്വകാര്യ ആശുപത്രികളെയും |

| | | |
|---|---|---|
| | | സമീപിക്കാവുന്നതാണ്. എന്നാൽ വിദഗ്ധ ചികിത്സ ശുപാർശ ചെയ്യുന്ന പക്ഷം ആയത് സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. പരിചാരകർ ആരുമില്ലാത്ത പക്ഷം ഒരു കെയർഗിവറെ നിയോഗിക്കുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്. 12) അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീർക്ക് സമർപ്പിക്കേണ്ടതാണ് |
| | **ശ്രേഷ്ഠം പദ്ധതി** കലാ-കായിക രംഗത്ത് മികവ് പുലർത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ധനസഹായം നൽകുന്ന പദ്ധതി | 1) അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയാൻ പാടുള്ളതല്ല. 2) അപേക്ഷകൻ സംസ്ഥാനത്തെ/ രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്ന വരായിരിക്കണം. 3) സംസ്ഥാന/ദേശീയതല മത്സരങ്ങളിൽ ശ്രദ്ധിക്കപ്പെട്ടവരായിരിക്കണം. 4) സാമ്പത്തികശേഷി കുറഞ്ഞവരും, 40%വും അതിനുമുകളിലും ഭിന്നശേഷിത്വമുള്ളവരുമായ RPwD ആക്ട് അനുശാസിക്കുന്ന എല്ലാവിഭാഗം ഭിന്നശേഷിക്കാർക്കും അപേക്ഷിക്കാം. 5) അപേക്ഷകർക്ക് ഭിന്നശേഷി |

| | | |
|---|---|---|
| | | സർട്ടിഫിക്കറ്റിന്റെയും കലാ-കായിക രംഗത്തെ മികവിന്റെയും അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കുന്നു.<br>6) അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീർക്ക് സമർപ്പിക്കേണ്ടതാണ് |
| | **ഇംപ്രസ്റ്റ് മണി**<br>പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന അനാഥരുടേയും അശരണരുടേയും പുനരധിവാസം ഉറപ്പാക്കൽ, ഇവർക്ക് അടിയന്തര സഹായം ഉൾപ്പെടെ നല്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതി. | 1)അടിയന്തിര സാഹചര്യത്തിൽ നൽകുന്ന സേവനമായതിനാൽ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അനിവാര്യമെന്ന് ബോധ്യമാകുന്നപക്ഷം ദാരിദ്ര്യരേഖ പരിധി, റേഷൻ കാർഡ്, മറ്റു മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വേർതിരിവ് ഒഴിവാക്കി അടിയന്തിര ഇടപെടലുകൾ നടത്താവുന്നതാണ്.<br>2)അടിയന്തിര പ്രാഥമികശുശ്രുഷ നൽകൽ, മരുന്നുകളും അനുബന്ധ ചികിത്സ ചെലവുകളും, അടിയന്തിര ശസ്ത്രക്രിയ, ലഘുശസ്ത്രക്രിയകൾ, ആംബുലൻസ് സേവനം, യാത്രചിലവ് എന്നിവയ്ക്ക് തുകവിനിയോഗിക്കാവുന്ന താണ്.<br>3)ഉപേക്ഷിക്കപ്പെട്ടനിലയിൽ കണ്ടെത്തുന്നവരെയും അലഞ്ഞുതിരിഞ്ഞു കാണപ്പെടുന്നവരെയും |

| | | |
|---|---|---|
| | | സുരക്ഷിതമായ പുനരധിവാസ കേന്ദ്രത്തിലെത്തിക്കുന്നതിനും ആയതിനു മുൻപായുള്ള മെഡിക്കൽപരിശോധനയ്ക്കും ഭക്ഷണത്തിനും തുക വിനിയോഗിക്കാവുന്നതാണ്.<br>4)പ്രകൃതി ദുരന്തത്തിനിരയാകുന്നവർക്ക് അടിയന്തിര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകുന്നതിനു തുക വിനിയോഗിക്കാവുന്നതാണ്.<br>5) ആസിഡ് ആക്രമണം, മറ്റ് ഗുരുതര പൊള്ളൽ ഏൽക്കുക എന്നിവയ്ക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിന് തുക വിനിയോഗിക്കാവുന്നതാണ്.<br>6)ജീവനോ, സ്വത്തിനോ അപകടമുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിര പരിരക്ഷ നൽകുന്നതിനും പദ്ധതി മുഖേന സാധ്യമാകും.<br>7) പ്രാഥമികചികിത്സ നൽകുന്നതിനു സ്വകാര്യ ആശുപത്രികളെയും സമീപിക്കാവുന്നതാണ്. എന്നാൽ വിശദ ചികിത്സ ശുപാർശ ചെയ്യുന്ന പക്ഷം ആയതു സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.<br>8) ആശുപത്രി ചികിൽസ ആവശ്യമുള്ളപക്ഷം, |

| | | | |
|---|---|---|---|
| | | | പരിചാരകർ ആരുമില്ലാത്ത സാഹചര്യത്തിൽ രേഖാമൂലം കുടുംബശ്രീയിൽ നിന്നുള്ള വർ തൊഴിലുറപ്പ് ജോലി ചെയ്യുന്നവർ/സന്നദ്ധ സംഘടനയിൽ നിന്നുള്ളവർ/അംഗീകൃത എജൻസിയിൽ നിന്നുള്ളവർ എന്നിവരെ കെയർ ഗിവറായി വിനിയോഗിക്കുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.<br>9) കൂട്ടിരിപ്പുകാരെ നിയോഗിക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ ഡോക്ടർ നിർദ്ദേശിക്കുന്ന ദിവസങ്ങൾക്ക് കൂട്ടിരിപ്പുകാർക്ക് കുടുംബശ്രീ/മാർക്കറ്റ് റേറ്റോ 650 രൂപയോപരമാവധി പന്ത്രണ്ടു മണിക്കൂർ സേവനത്തിനായി) ഏതാണ് കുറവ് അത് ദിവസവേതനമായി അനുവദിക്കാവുന്നതാണ്.<br>10) Inpatient ആയി ചികിത്സ ലഭ്യമാക്കേണ്ട കേസുകളിൽ (അടിയന്തിര ചികിത്സ, ശസ്ത്രക്രിയ തുടങ്ങിയ) കിടത്തി ചികിത്സ ആവശ്യമാണെന്ന് ചികിത്സിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്തി നൽകുന്ന ദിവസങ്ങൾക്കു മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് |

| | | |
|---|---|---|
| | | വിധേയമായി ലഭ്യമാകുന്ന ഏറ്റവും കുറഞ്ഞ വാടകയിൽ നിജപ്പെടുത്തിയും വാടക അനുവദിക്കാവുന്നതാണ്.<br>11) അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീർക്ക് സമർപ്പിക്കേണ്ടതാണ് |
| | **സഹചാരി**<br>ഗവൺമെന്റ്, എയ്ഡഡ്, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠന കാര്യത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നതും വിദ്യാഭ്യാസ സ്ഥാപനത്തിന് പുറത്തും ഭിന്നശേഷിക്കാർക്കായി നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിലും മറ്റ് പരിപാടികളിലും സഹായിക്കുന്നതുമായ NSS / NCC / SPC യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി. NSS/NCC/SPC യൂണിറ്റിന് 10,000/- രൂപ ധനസഹായം അനുവദിക്കുന്നു. | 1) ഗവൺമെന്റ്/ഏയ്ഡഡ് / പ്രോഫെഷണൽ കോളേജുകൾക്ക് ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എല്ലാ ഭിന്നശേഷിക്കാരായ കുട്ടികളേയും പഠനത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നതും വിദ്യാഭ്യാസ സ്ഥാപനത്തിനു പുറത്തും ഭിന്നശേഷിക്കാരെയും അവർക്കായി നടപ്പിലാക്കുന്ന മെഡിക്കൽ ക്യാമ്പ് പോലുള്ള വിവിധ പരിപാടികളും സഹായം നൽകുന്ന ജില്ലയിലെ മികച്ച മൂന്ന് NSS/NCC/SPC യൂണിറ്റിന് അവാർഡ് നൽകുന്നു.<br>2) ഒരു പ്രാവശ്യം അവാർഡ് ലഭിച്ച യൂണിറ്റിന് അടുത്ത മൂന്ന് വർഷത്തെ സമയ പരിധിയ്ക്ക് ശേഷം മാത്രം അവാർഡിനായി പരിഗണിക്കാവുന്ന താണ്.<br>3) അതാത് യൂണിറ്റ് തയ്യാറാക്കുന്ന റിപ്പോർട്ട് സ്ഥാപന മേധാവി ശുപാർശചെയ്ത് ഫോട്ടോ |

| | | |
|---|---|---|
| | | സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>4) അവാർഡിന് അർഹരായവരെ കണ്ടെത്തുന്നതിന് എല്ലാ വർഷവും ജൂലൈമാസത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതും ഒക്ടോബർ, നവംബർ മാസങ്ങളിൽ തെരഞ്ഞെടുപ്പ് നടപടി ക്രമം പൂർത്തീകരിച്ച് ഡിസംബർ മൂന്നാം തീയതിയിലെ അന്താരാഷ്ട്ര വികലാംഗ ദിനത്തിൽ അവാർഡ് നൽകുന്നു.<br>5) വിദ്യാഭ്യാസ സ്ഥാപനം ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സഹായിക്കുന്ന യൂണിറ്റിനേയും അവാർഡിനായി പരിഗണിക്കാവുന്നതാണ്.<br><br>6) അവാർഡിനായി അപേക്ഷിക്കുന്ന വർഷത്തിന് തൊട്ടു മുൻപുള്ള വർഷത്തെ പ്രവർത്തനങ്ങളാണ് അവാർഡിനായി പരിഗണിക്കുന്നത്. |
| | **സ്നേഹയാനം**<br>നാഷണൽ ട്രസ്റ്റ് നിയമത്തിൽ ഉൾപ്പെട്ട ഭിന്നശേഷിക്കാരുടെ നിർ ധനരും മറ്റ് വരുമാന | 1) ബിപിഎൽ വിഭാഗത്തിൽ പെട്ടവരും<br>2)നാഷണൽ ട്രസ്റ്റ് നിയമത്തിൽ ഉൾപ്പെട്ട ഭിന്നശേഷിക്കാരുടെ നിർധ |

| | | |
|---|---|---|
| | മാർഗ്ഗങ്ങൾ ഒന്നും ഇല്ലാത്തവരും ഭർത്താവ് ഉപേക്ഷിച്ചതോ/മരിച്ചതോ ആയ അമ്മമാർക്ക് ഇലക്ട്രിക് ഓട്ടോ നല്കുന്ന പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം സൗജന്യ ഇലക്ട്രിക് ഓട്ടോ നൽകിവരുന്നു. | നരും മറ്റ് വരുമാന മാർഗ്ഗങ്ങൾ ഒന്നും ഇല്ലാത്തവരും ഭർത്താവ് ഉപേക്ഷിച്ചതോ/മരിച്ചതോ ആയ അമ്മമാർക്ക്<br>3) അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീർക്ക് സമർപ്പിക്കേണ്ടതാണ് |
| | **അതിജീവനം**<br>അതിജീവനം പദ്ധതിയുടെ കീഴിൽ സന്നദ്ധ സംഘടനകൾ മുഖേന തൊഴിൽ പരിശീലന പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നു. പദ്ധതി മാനദണ്ഡപ്രകാരം ചെലവഴിച്ച തുകയുടെ 70 ശതമാനം തുക ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അനുവദിച്ചുനൽകുന്നു. | സർക്കാരിതര ഏജൻസികളുടെ സഹകരണത്തോടെ ഭിന്നശേഷിക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിന് അതിജീവനം സമഗ്ര പദ്ധതി നടപ്പിലാക്കുന്നു.<br>അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീർക്ക് സമർപ്പിക്കേണ്ടതാണ് |
| | **സൈക്കോ സോഷ്യൽ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കൽ**<br>സൈക്കോ-സോഷ്യൽ ഗ്രാന്റ്ഇൻഎയ്ഡ് റൂൾ പ്രകാരം പ്രവർത്തിക്കുന്ന സർക്കാർ അനുമതിയുള്ള സ്ഥാപനങ്ങൾക്ക് 60 % തുക ഗ്രാന്റായി അനുവദിക്കുന്നു. | കേരള സൈക്കോ-സോഷ്യൽ റൂൾ 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് നൽകി വരുന്നു |
| | **മുൻകുറ്റവാളികൾ, പ്രൊബേഷണർമാർ, തടവുകാരുടെ ആശ്രിതർ, അതിക്രമത്തിനിരയായവർ** | |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | മാനദണ്ഡം |
|---|---|---|
| | **മുൻ കുറ്റവാളികൾ, പ്രൊബേഷണർമാർ എന്നിവർക്കായുള്ള ധനസഹായ പദ്ധതി** ദരിദ്രമായ സാമ്പത്തിക സാഹചര്യങ്ങളി ൽ ജീവിക്കുന്ന മുൻകുറ്റവാളികൾ, മേൽനോട്ടത്തിൽ കഴിഞ്ഞു വരുന്ന കുറ്റവാളികൾ, എന്നിവരുടെ സാമൂഹിക പുനരധിവാസത്തിൻറെ ഭാഗമായി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 15000/- രൂപ ധനസഹായം നൽകുന്ന പദ്ധതി | (1)അപേക്ഷകർ ബി.പി.എൽ പരിധിയിൽ പ്പെട്ടവരായിരിക്കണം (2) ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. (3) വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേനയാണ് അപേക്ഷ നൽകേണ്ടത്. |
| | **തടവുകാരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ ധനസഹായ പദ്ധതി** ദീർഘകാലം ജയിൽ ശിക്ഷ അനുഭവിക്കുന്ന കുറ്റവാളികളുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി 15000/- രൂപ ധനസഹായം നൽകുന്ന പദ്ധതി. | (1) 5 വർഷമോ അതിൽ കൂടുതലോ കാലം ശിക്ഷിക്കപ്പെട്ട് ജയിലിൽകഴിഞ്ഞുവരുന്ന വ്യക്തികളുടെ ആശ്രിതർക്കാണ് ധനസഹായത്തിനുള്ള അർഹത ഉണ്ടായിരിക്കുന്നത്. ഒരു കുടുംബത്തിൽ ഒരാളെ മാത്രമേ ധനസഹായത്തിനു പരിഗണിക്കുകയുള്ളു. (2) കുറ്റവാളികളുടെ ആശ്രിതരെന്ന നിലയിൽ ഭാര്യ/ഭർത്താവ്, തൊഴിൽരഹിതരും, അവിവാഹിതരുമായ മകൻ/മകൾ എന്നിവരുടെ അപേക്ഷകൾക്ക് |

| | | |
|---|---|---|
| | | പ്രഥമപരിഗണന നൽകണം. ഇവരുടെ അഭാവത്തിൽ ഇവർ അപേക്ഷിക്കാത്ത സാഹചര്യത്തിൽ വിധവയോ/ഭർത്താവ് ഉപേക്ഷിച്ചതോ/വിവാഹ മോചിതയോ ആയ മകൾ, 55 വയസ്സിന് താഴെ പ്രായമുള്ള മാതാവ്/പിതാവ് എന്നിവർക്കും അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കും.<br>(3) അപേക്ഷയോടൊപ്പം അപേക്ഷകൻ താമസിക്കുന്ന സ്ഥലത്തെ വാർഡ്മെമ്പർìകൗൺസിലറുടെ സാക്ഷ്യപത്രം, 5 വർഷമോ അതിൽ കൂടുതലോ ജയിൽശിക്ഷ അനുഭവിക്കുന്നത് സംബന്ധിച്ച് ജയിൽ സൂപ്രണ്ടിൻറെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.<br><br>(4) അപേക്ഷകൻ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുന്നവരായിരിക്കണം.<br>(5) കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരെ ധനസഹായത്തിന് പരിഗണിക്കുന്നതല്ല.<br>(6)വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് അപേക്ഷകൾ നൽകേണ്ടത്. |

| | | |
|---|---|---|
| | **ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി**<br>ദീർഘകാലമായി ശിക്ഷ അനുഭവിക്കുന്ന ബി.പി.എൽ കാരായ സ്ത്രീ/പുരുഷ തടവുകാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്ന പദ്ധതി. | 1)വബി.പി.എൽവിഭാഗത്തിൽ ഉൾപ്പെട്ടിരിക്കണം<br>2) അപേക്ഷകൾ ബന്ധപ്പെട്ട പ്രൊബേഷണർ ഓഫീസർ മുഖേന സാമൂഹ്യ നീതി ഡയറക്ടർക്കാണ് അപേക്ഷ നൽകേണ്ടത്.<br>3) വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേനയാണ് അപേക്ഷ നൽകേണ്ടത്. |
| | **ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി**<br>ജീവപര്യന്തമോ വധശിക്ഷയോ വിധിക്കപ്പെട്ട് ജയിൽ ശിക്ഷ അനുഭവിച്ചു. വരുന്ന തടവുകാരുടെ കുട്ടികൾക്ക് സംസ്ഥാനത്തിനകത്തുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിൽ ഡിഗ്രി തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിന് പരമാവധി 1 ലക്ഷം രൂപവരെ ധനസഹായം നൽകുന്ന പദ്ധതി | (1) BPL ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം<br>(2)ജീവപര്യന്തമോ വധശിക്ഷയ്ക്കോ ശിക്ഷിക്കപ്പെട്ട തടവുകാരുടെ കുട്ടികൾ ആയിരിക്കണം. (ഏറ്റവും കുറഞ്ഞത് 2 വർഷമായി ജയിലിൽ കഴിയുന്ന കുറ്റവാളികളുടെ മക്കൾ ആയിരിക്കണം)<br>(3) നിർബന്ധമായും സർക്കാർ മെറിറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ആയിരിക്കണം.<br>(4) ഹയർസെക്കൻഡറി തലത്തിൽ 70% മോഅതിലധികമോ മാർക്ക് ലഭിച്ചിരിക്കണം. (കൂടുതൽ അപേക്ഷകർ ഉണ്ടാകുന്നപക്ഷം മാർക്കിന്റെ ശതമാനം മാനദണ്ഡമാക്കി മുൻഗണന നൽകുന്നതാണ്).<br>(5) ഒരു കുടുംബത്തിൽ ഒന്നിൽ കൂടുതൽ കുട്ടികൾ |

| | | |
|---|---|---|
| | | ഉണ്ടെങ്കിലും അനുകൂലും നൽകുന്നതാണ്.<br>6)വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് അപേക്ഷകൾ നൽകേണ്ടത്. |
| | **അതിക്രമത്തിനിരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി**<br>പ്രൊബേഷ ൻ സംവിധാനത്തിൽ വിക്ടിം റീഹാബിലിറ്റേഷൻ കൂടി ഉൾപ്പെടുത്തി കൊല്ലപ്പെട്ടവരുടേയും, അതിക്രമത്തിനിരയായി കിടപ്പിലായവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം അനുവദിക്കുന്ന പദ്ധതി. | 1. കുടുംബത്തിന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം.<br>2. കുട്ടികളുടെയും ഇപ്പോഴത്തെ രക്ഷിതാവിന്റെയും സംയുക്ത അപേക്ഷയോടൊപ്പം താമസിക്കുന്ന സ്ഥലത്തെ വാർഡ് കൌൺസിലർ/മെമ്പർ അല്ലെങ്കിൽ പഞ്ചായത്ത്/നഗരസഭാ അധ്യക്ഷ/അധ്യക്ഷൻ അല്ലെങ്കിൽ സ്ഥലത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർ എന്നിവരിൽ ആരെങ്കിലും സർട്ടിഫിക്കറ്റ് നൽകണം.<br>3. താഴെ പറയുന്ന ധനസഹായ പദ്ധതിയിൽ നിന്നും തുക കൈപ്പറ്റിക്കൊണ്ടിരിക്കുന്ന കുട്ടികൾക്ക് വീണ്ടും തുക അനുവദിക്കില്ല.<br>a) സാമൂഹ്യ സുരക്ഷാ മിഷന്റെ സ്നേഹപൂർവ്വം പദ്ധതി.<br>b) സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ വിജ്ഞാനദീപ്തി |

| | | | |
|---|---|---|---|
| | | | അഥവാ സ്പോൺസർഷിപ്പ് പദ്ധതി.<br>c) വനിതകൾ ഗൃഹനാഥരായവരുടെ മക്കൾക്ക് വനിതാ ശിശുവികസന വകുപ്പ് നൽകുന്ന ധനസഹായം<br>d) തടവുകാരുടെ മക്കൾക്ക് സാമൂഹ്യനീതി വകുപ്പ് നൽകുന്ന വിദ്യാഭ്യാസ ധനസഹായം.<br>4. ഡിഗ്രിതലം മുതൽ വരുന്ന കോഴ്സുകളിൽ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ മെരിറ്റ് സീറ്റിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.<br>5. കുറ്റകൃത്യം നടന്ന് 5 വർഷത്തിനുള്ളിൽ ജില്ലാ പ്രൊബേഷൻ ഓഫീസിൽ അപേക്ഷിച്ചിരിക്കണം.<br>6.ഒരു വർഷം തുക അനുവദിച്ചാൽ കുട്ടിയുടെ വിദ്യാഭ്യാസം തുടരുന്നതിനായി സ്കൂൾ കോളേജ് മേധാവിയോ പുതുതായി വിദ്യാഭ്യാസത്തിന് ചേർന്ന സ്ഥാപന മേധാവിയോ സാക്ഷ്യപ്പെടുത്തുന്ന പക്ഷം തുടർ വർഷങ്ങളിലും തുക അനുവദിക്കാവുന്നതാണ്. |

| | | |
|---|---|---|
| | | 7. കുട്ടിയുടെയും ഇപ്പോഴത്തെ രക്ഷിതാവിന്റെയും സംയുക്ത അക്കൗണ്ടിലായിരിക്കും തുക കൈമാറുക.<br>8.റോഡപകടങ്ങളിൽ കൊല്ലപ്പെടുന്ന വരുടെ കുടുംബത്തിന് ഈ പദ്ധതിയിൽ നിന്നും തുക അനുവദിക്കില്ല.<br>9. വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് അപേക്ഷകൾ നൽകേണ്ടത്. |
| | **ജീവനം**<br>അതിക്രമത്തിനിരയായവർക്കുള്ള സ്വയം തൊഴിൽ പുനരധിവാസ പദ്ധതി. | (1)അപേക്ഷകൻ കുറ്റകൃത്യത്തിന് ഇരയായി ഗുരുതരപരുക്ക് പറ്റിയ വ്യക്തിയോ അല്ലെങ്കിൽ കുറ്റകൃത്യത്തിന് ഇരയായി മരണപെട്ടയാളുടെ ഭാര്യ /ഭർത്താവ്/അവിവാഹിതരായമകൻ /മകൾ ആയിരിക്കണം.<br>(2) കുടുംബത്തിന്റെ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയായിരിക്കണം<br>(3)കുറ്റകൃത്യം നടന്ന് 5 വർഷത്തിനകം അപേക്ഷിച്ചിരിക്കണം.<br>(4)അപേക്ഷകന്റെ അക്കൗണ്ടിലായിരിക്കും ധനസഹായം കൈമാറുക<br>(5) സ്വയം തൊഴിൽ ധനസഹായം ഉപയോഗപ്പെടുത്തി |

| | | |
|---|---|---|
| | | ആരംഭിക്കുന്ന തൊഴിൽ യൂണിറ്റ് 3 വർഷത്തേക്ക് കൈമാറ്റം ചെയ്യുവാൻ പാടില്ല . (6)ധനസഹായത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താവ് 200/- രൂപ മുദ്ര പത്രത്തിൽ സാമൂഹ്യനീതി വകുപ്പുമായി മേൽസൂചിപ്പിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി കരാറിൽ ഏർപ്പെടേണ്ടതാണ്. (7)വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് അപേക്ഷകൾ നൽകേണ്ടത്. |
| | **തടവുകാരുടെ പെണ്മക്കൾക്കുള്ള വിവാഹ ധനസഹായം** നിലവിൽ രണ്ട് വർഷമോ അതിലധികമോ ജയിലിൽ ശിക്ഷ അനുഭവിച്ചുവരുന്ന തടവുകാരുടെ പെണ്മക്കൾക്ക് വിവാഹ ധനസഹായമായി 30,000 /- രൂപ നിരക്കിൽ അനുവദിയ്ക്കുന്ന പദ്ധതി | (1) വിവാഹം നടന്ന പെൺകുട്ടിയുടെ പിതാവ്/മാതാവ് രണ്ട് വർഷമോ അതിലധികമോ ജയിലിൽ തടവുശിക്ഷ അനുഭവിച്ചുവരുന്ന ആളായിരിക്കണം. (2)ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം (റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കണം. (3) തടവശിക്ഷ അനുഭവിക്കുന്ന വ്യക്തിയുടെയും പെൺകുട്ടിയുടെയും പേരുകൾ ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ പെൺകുട്ടി തടവുശിക്ഷ |

| | | |
|---|---|---|
| | | അനുഭവിക്കുന്ന വ്യക്തിയുടെ മകൾ ആണെന്ന് തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കണം.<br>(4) വിവാഹം കഴിഞ്ഞ് 6 മാസത്തിനു ശേഷവും ഒരു വർഷത്തിനകമോ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം.<br>(5) വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് അപേക്ഷകൾ നൽകേണ്ടത്. |
| | **തണലിടം പ്രൊബേഷൻ ഹോം**<br>കുടുംബമോ ബന്ധു മിത്രാദികളോ ഏറ്റെടുക്കാൻ തയ്യാറാകാത്ത പ്രൊബേഷണർമാർ, മുൻതടവുകാർ, കേസിൽപെട്ട് താമസിക്കാൻ ഇടമില്ലാതെ വിചാരണ നേരിടുന്നവർ, ജയിലിൽ നിന്നും വിവിധ അവധികൾക്കായി പുറത്തിറങ്ങുന്നവർ തുടങ്ങിയവരെ സമൂഹത്തിലേക്ക് പുനരധി വസിപ്പിക്കാൻ സാധിക്കുന്നത് വരെ (താൽക്കാലികമോ – സ്ഥിരമോ ആയ | (1) കുടുംബമോ ബന്ധു മിത്രാദികളോ ഏറ്റെടുക്കാൻ തയ്യാറാകാത്ത പ്രൊബേഷണർമാർ, മുൻതടവുകാർ, കേസിൽ പെട്ട് താമസിക്കാൻ ഇടമില്ലാതെ വിചാരണ നേരിടുന്നവർ, ജയിലിൽ നിന്നും വിവിധ അവധികൾക്കായി വിടുന്നവർ തുടങ്ങിയവരെയാണ് 'തണ ലിടം' പ്രൊബേഷൻ ഹോമിൽ പ്രവേശിപ്പിക്കേണ്ടത്.<br>(2) കിടപ്പുരോഗികളോ, മാനസിക രോഗികളോ അല്ലാത്തവരും 18–70 വയസിനിടയിലുള്ളവരും ആയിരിക്കണം. ദൈനംദിന |

| | | |
|---|---|---|
| | താമസസൗകര്യം ഉണ്ടാകുന്നതുവരെ) താമസിപ്പിക്കുന്നതിനുവേണ്ടിയുള്ള ഇടക്കാല സംരക്ഷണകേന്ദ്രമാണ് പ്രൊബേഷൻ ഹോം. | കാര്യങ്ങൾ സ്വന്തമായി ചെയ്യാൻ കഴിയുന്നവരായിരിക്കണം.<br><br>(3) ജയിലിൽ നിന്നും വിവിധ അവധികൾക്കായി വിടുന്നവർക്ക് താമസ സ്ഥലമില്ലെങ്കിൽ അവർക്ക് രാത്രി ഷെൽട്ടർ നൽകുന്നതിന് ജില്ല പ്രൊബേഷൻ ഓഫീസർമാരുടെ പരോൾ റിപ്പോർട്ടിൽ ശുപാർശ നൽകാവുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ജയിൽ സൂപ്രണ്ട് വിശദാംശങ്ങൾ അടങ്ങിയ കത്ത് 'തണലിടം' ഹോം മാനേജർക്ക് നൽകേണ്ടതുമാണ്.<br><br>(4) ജില്ലാ പ്രൊബേഷൻ ഓഫീസർമാരുടെ / ജയിൽ സൂപ്രണ്ടുമാരുടെ കത്തിന്റെ അടിസ്ഥാനത്തിൽ 'തണലിടം' ഹോം മാനേജർക്ക് താൽക്കാലികമായി താമസക്കാരെ പ്രവേശിപ്പിക്കാവുന്നതാണ്.<br><br>(5) തണലിടം' ഹോമിലേക്കുള്ള പ്രവേശന സ്ഥിരീകരണം നൽകേണ്ടത് കൊല്ലം ജില്ല പ്രൊബേഷൻ ഉപദേശക സമിതിയാണ്. ഇതിനായി ഉപദേശക സമിതിയിൽ |

| | | |
|---|---|---|
| | | പ്രൊബേഷൻ ഹോം മാനേജറെ ജില്ല പ്രൊബേഷൻ ഓഫീസർ പങ്കെടുപ്പിക്കേണ്ടതാണ്. പ്രൊബേഷൻ ഹോം മാനേജർ ഓരോ താമസക്കാരനെ സംബന്ധിച്ചും പുനരധിവാസ സാധ്യതകൾ ഉൾപെടെയുള്ള വിശദമായ റിപ്പോർട്ട് സമിതിക്ക് മുന്നിൽ അവതരിപ്പിക്കുകയും തീരുമാനം ഉണ്ടായി എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. സമിതിയുടെ തീരുമാനങ്ങൾ 'തണലിടം' ഹോം മാനേജർ ജില്ല പ്രൊബേഷൻ ഓഫീസറുടെ സഹായത്തോടെ എത്രയും പെട്ടെന്ന് നടപ്പാക്കേണ്ടതാണ്. |
| | **മാനസികരോഗം ഭേദമായ തടവുകാർക്കുള്ള പുനരധിവാസ പദ്ധതി**<br>ദീർഘകാലമായി മാനാസികാരോഗ്യ കേന്ദ്രത്തിൽ കഴിയുന്ന വിചാരണ തടവുകാരുടെയും കോടതി വിടുതൽ ചെയ്തിട്ടും മാനസികാരോഗ്യകേന്ദ്ര ത്തിൽ കഴിയുന്നവരുടെയും | 1. പുനരധിവാസത്തിനു അനുമതി നൽകിക്കൊണ്ടുള്ള കോടതി ഉത്തരവ്<br>2. രോഗം നിയന്ത്രണവിധേയമാണെന്നുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ് |

| | | |
|---|---|---|
| | പുനരധിവാസം അംഗീകാരമുള്ള സൈക്കോ സോഷ്യൽ സെൻററുകളിൽ മുഖേന നടപ്പിലാക്കുന്ന പദ്ധതി. | |
| | **മിത്രം**<br>പ്രൊബേഷൻ ഗുണഭോക്താക്കളായ മുൻ തടവുകാർ, പ്രൊബേഷണർമാർ, തടവുകാരുടെ ആശ്രിതർ (ഭാര്യ /ഭർത്താവ്, കട്ടികൾ, ഇവരുടെ സംരക്ഷണത്തിൽ കഴിയുന്ന അവിവാഹിതയായ സഹോദരി), യുവകുറ്റാരോപിതർ, അതിക്രമത്തിനിരയായി ഗുരുതരമായി പരിക്കേറ്റവർ/മരണപ്പെട്ടവർ, അവരുടെ ആശ്രിതർ (ഭാര്യ ഭർത്താവ്, കട്ടികൾ, ഇവരുടെ സംരക്ഷണത്തിൽ കഴിയുന്ന അവിവാഹിതയായ സഹോദരി) എന്നിവർക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിലിൽ പരിശീലനം നൽകുകയും അതുവഴി ജോലി ഉറപ്പാക്കുകയോ അല്ലെങ്കിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു | 1. ഗുണഭോക്താക്കൾ: തടവുകാർ, പ്രൊബേഷണർമാർ തടവുകാരുടെ ആശ്രിതർ (ഭാര്യ /ഭർത്താവ്, കട്ടികൾ ഇവരുടെ സംരക്ഷണത്തിൽ കഴിയുന്ന അവിവാഹിതയായ സഹോദരി), യുവകുറ്റാരോപിതർ, അതിക്രമത്തിനിരയായി ഗുരുതരമായി പരിക്കേറ്റവർ /അവരുടെ ആശ്രിതർ (ഭാര്യ /ഭർത്താവ് \| കുട്ടികൾ ഇവരുടെ സംരക്ഷണത്തിൽ കഴിയുന്ന അവിവാഹിതയായ സഹോദരി), ബോർസ്റ്റൽ സ്കൂൾ /ക്ഷേമ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പുറത്തിറങ്ങിയ 18 വയസ്സ് പൂർത്തിയായ വ്യക്തികൾ.<br>2. മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കളെ un- skilled, semi- skilled, group - skilled, highly- skilled എന്നിങ്ങനെ നാല് വിഭാഗങ്ങളാക്കി തിരിച്ചു പരിശീലനം നൽകുന്നു.<br>3. ജില്ലാ പ്രൊബേഷൻ ഓഫീസർമാർ ആയിരിക്കും ഈ പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥർ: |

| | | |
|---|---|---|
| | പ്രാപ്തരാക്കുകയോ ചെയ്യുന്നതിനായി ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് "മിത്രം" | 4. കോഴ്സ് കാലയളവിൽ സ്റ്റൈപ്പൻഡ് ഇനത്തിൽ ഒരു ഗുണഭോക്താവിന് ഒരു മാസത്തേക്ക് 3000 രൂപ അനുവദിക്കുന്നതാണ്. കോഴ്സ് ഫീസിനു പുറമേ ടൂൾ കിറ്റ് /സ്റ്റഡി മെറ്റീരിയൽസ് ഇനത്തിൽ ഒരു ഗുണഭോക്താവിന് തുക-കോഴ്സ് അനുസരിച്ച് പരമാവധി 2000 രൂപ വരെ നൽകുന്നു. |
| | **ട്രാൻസ്ജെൻഡർ** | |
| | **പദ്ധതിയുടെ പേര്** | **മാനദണ്ഡം** |
| | **ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള സ്കോളർഷിപ്പ്** സംസ്ഥാനത്തിനകത്തും പുറത്തും സർക്കാർ/സർക്കാർ എയ്ഡഡ്/സെൽഫ് ഫിനാൻസ് വിദ്യാലയങ്ങളിൽ 7-ാംക്ലാസ്സ് മുതൽ ഡിഗ്രി /പി ജി തലം വരെ പഠനം നടത്തുന്ന കേരളീയരായ TG വിദ്യാർത്ഥികൾക്ക് 10 മാസകാലത്തേയ്ക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി. | 1) വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് അപേക്ഷകൾ നൽകേണ്ടത്.<br>2)അപേക്ഷാ ഫോമിനൊപ്പം ട്രാൻസ്ജെൻഡർ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, അപേക്ഷകന്റെ ആധാർ കാർഡ് എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.<br>3)അപേക്ഷയോടൊപ്പം സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| | **സഫലം -പ്രൊഫഷനൽ - വിദൂര വിദ്യാഭ്യാസ ധനസഹായം** ഡിഗ്രി/ഡിപ്ലോമ തലത്തിലുള്ള | 1) 18 വയസ്സ് കഴിഞ്ഞ ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് ടി.ജിതിരിച്ചറിയൽ |

| | | |
|---|---|---|
| | പ്രൊഫഷണൽ കോഴ്സുകൾ (റെഗുലർ ) പഠിക്കുന്നതിനായും വിദൂര വിദ്യാഭ്യാസ സംവിധാനത്തിൽ കൂടി സംസ്ഥാനത്ത് ഡിഗ്രി/ പി.ജി./പി ജി ഡിപ്ലോമ / ഡിപ്ലോമ/പ്രൊഫഷനൽ കോഴ്സ് തുടങ്ങിയ ഉന്നത കോഴ്സുകളിൽ പഠനം നടത്തുന്നതിനായും ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി | കാർഡിന്റെ പകർപ്പ് സമർപ്പിക്കേണ്ടതാണ്.<br>2) 18 വയസ്സ് പൂർത്തിയാകത്തവർ രക്ഷകർത്താവ് / സ്ഥാപന മേധാവിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടിയ self-declarationഹാജരാകണം.<br>3) പരമാവധി ഒരു ലക്ഷം രൂപ വരെ വാർഷിക പഠന ചെലവിനായി അനുവദിക്കാവുന്നതാണ്.<br><br>4) സർക്കാർ കോളേജുകളിലെയും എയ്ഡഡ്/സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ സർക്കാർ മെറിറ്റിൽ പ്രവേശനം നേടുന്ന ട്രാൻസ്ജെൻഡർ വിദ്യാർഥികളെയും പരിഗണിക്കുന്നതാണ്.<br>5) MBBS, B.VSc, B.sc Agricultureഎന്നീ കോഴ്സുകൾക്ക് സർക്കാർ കോളേജിൽ പ്രവേശനം നേടുന്ന ട്രാൻസ്ജെൻഡർ വിദ്യാർഥികളെ മാത്രം പരിഗണിക്കുന്നതാണ്.<br>6) ഡിപ്ലോമ തലത്തിൽ സർക്കാർ അംഗീകൃത കോഴ്സുകൾ മാത്രം പരിഗണിക്കുന്നതാണ്.<br>7) വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ സാമൂഹ്യനീതി |

| | | |
|---|---|---|
| | | ഓഫീസർമാർക്കാണ് അപേക്ഷകൾ നൽകേണ്ടത്. |
| | **തുടർ വിദ്യാഭ്യാസം – സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന 'സമന്വയ പദ്ധതി** പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർവിദ്യാഭ്യാസം നൽകുന്നതിനും തുല്യതാപരീക്ഷ എഴുതുന്നതിനും ധനസഹായം അനുവദിക്കുന്ന പദ്ധതി. | 1) അടിസ്ഥാന സാക്ഷരത, നാലാം തരം, എഴാം തരം, പത്താം തരം, പന്ത്രണ്ടാം തരം എന്നീ വിദ്യാഭ്യാസ പദ്ധതികൾ ആണ് നടപ്പിലാക്കി വരുന്നത്.<br>2) പഠിതാക്കൾക്ക് വിദ്യാഭ്യാസ സഹായവും താമസസൗകര്യവും ഇതോടൊപ്പം നടപ്പിലാക്കി വരുന്നു.<br>3) വിദ്യാഭ്യാസത്തിലൂടെ മെച്ചപ്പെട്ട ജീവിതസാഹചര്യം സൃഷ്ട്ടിക്കാനും, അതിലൂടെ അവരെ പ്രാപ്തരാക്കാനും പ്രസ്തുത പദ്ധതിയിലൂടെ കഴിയും.<br>4) ജില്ലാ സാമൂഹ്യനീതി ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. |
| | **വർണ്ണം വിദൂരവിദ്യാഭ്യാസ ധനസഹായ പദ്ധതി** കോളേജുകളിൽ പോകാൻ കഴിയാതെ വിദൂര വിദ്യാഭ്യാസ സംവിധാനത്തിൽ കൂടിഡിഗ്രീ/ പി ജി തുടങ്ങിയ ഉന്നത കോഴ്സുകളിൽ ട്രാൻസ് ജെൻഡർ വിദ്യാർഥികൾ പഠനം നടത്തുന്നുണ്ട്. രജിസ്ട്രേഷൻ ഫീസ്, ട്യൂഷൻ ഫീസ്, പരീക്ഷ ഫീസ്, പഠന കാലയളവിൽ | 1) വകുപ്പിന്റെ സുനീതിപോ ർ ട്ടൽ മുഖേന അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് അപേക്ഷകൾ നൽകേണ്ടത്.<br>2) അപേക്ഷയിൽ യൂണിവേഴ്സിറ്റി/സ്റ്റഡി സെന്ററിന്റെ പേരും സ്വഭാവവും പൂർണ്ണമായും നൽകിയിരിക്കണം.<br>3) അപേക്ഷകൻ ട്രാൻസ്ജെൻഡർ വ്യക്തിയാണെന്ന് സ്വയം |

| | | |
|---|---|---|
| | അസൈസ്സമെന്റ്, പ്രൊജക്റ്റ് തുടങ്ങിയവ തയ്യാറാക്കുന്നതിന്, പഠന സാമഗ്രിഹികൾ വാങ്ങുന്നതിന് കോണ്ടാക്റ്റ് ക്ലാസുകൾ പരീക്ഷകൾ എന്നിവയിൽ പങ്കെടുക്കുന്നതിനുമായി ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്ക് പഠന കാലയളവിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി. | സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്/ ട്രാൻസ്ജെൻഡർ ഐ.ഡി കാർഡിന്റെ പകർപ്പ് എന്നിവ ഹാജരാക്കണം.<br>4) മേൽവിലാസം തെളിയിക്കുന്ന രേഖ ഹാജരാക്കണം (ആധാർ/ വോട്ടേഴ്സ് ഐ.ഡി)<br>5) മുൻ സെമസ്റ്ററിൽ പരീക്ഷ എഴുതിയതിന്റെ ഹാൾടിക്കറ്റ് ഹാജരാക്കണം.<br>6) ഓപ്പൺ യൂണിവേഴ്സിറ്റി, ഡിസ്റ്റൻസ് എഡ്യുക്കേഷൻ അല്ലെങ്കിൽ പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവയിൽ ഡിഗ്രീ/ പി.ജി ചെയ്യുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>7) രജിസ്ട്രേഷൻ ഫീസ്, ട്യൂഷൻ ഫീസ്, പരീക്ഷ ഫീസ്, പഠന സാമഗ്രികൾ എന്നിവയ്ക്കായി ചെലവാക്കിയ ബില്ലുകൾ/ വൗച്ചറുകൾ എന്നിവ അതാത് ജില്ലാ സാമൂഹ്യനീതി ഓഫിസർ സാക്ഷ്യപ്പെടുത്തിയിരിക്കണം. |
| | **ഹോസ്റ്റൽ ഫീസ്**<br>സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ്/സെൽഫ് ഫിനാൻസ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക്പഠനം തുടരുന്നതിനായി | 1. സർക്കാർ / എയ്ഡഡ്/ അൺ എയ്ഡഡ്/ സെൽഫ് ഫിനാൻസസ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ |

| | | |
|---|---|---|
| | താമസസൗകര്യം ഒരുക്കുന്നതിനായി ഹോസ്റ്റൽ ഫീസ് അനുവദിക്കുന്ന പദ്ധതി. | സമർപ്പിക്കാവുന്നതാണ്.<br>2. നിശ്ചിത അപേക്ഷ ഫോമിൽ അപേക്ഷസമർപ്പിക്കുന്നതോടൊപ്പം ആവശ്യമായ സാക്ഷ്യപത്രങ്ങൾ കൂടി ഉൾപെടുത്തേണ്ടതാണ്. (വിദ്യാഭ്യാസ സ്ഥാപനം, ജില്ലാ ജസ്റ്റിസ് ബോർഡ് ജില്ലാ സാമൂഹ്യനീതി ഓഫീസർ, കെട്ടിടം ഉടമ എന്നിവരുടെ സാക്ഷ്യപത്രങ്ങൾ).<br>3. പഠനം തുടരുന്ന വിദ്യാർത്ഥികൾ ഓരോ അധ്യയന വർഷവും പുതുതായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>4. പ്രതിമാസം അനുവദിക്കപ്പെടുന്ന തുകകെട്ടിട ഉടമയുടെ / ഹോസ്റ്റൽ അധികാരിയുടെ പേരിലുള്ള അക്കൗണ്ടിലേക്കുക്രെഡിറ്റ് ചെയ്തു നൽകുന്നതാണ്.<br>5. വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷകൾ നൽകേണ്ടത്. |
| | **വിവാഹ ധനസഹായം**<br>ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിവാഹധനസഹായം അനുവദിക്കുന്നപദ്ധതി. | 1) ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നിർബന്ധമായും ട്രാൻസ്ജെൻഡർ തിരിച്ചറിയൽ കാർഡ് ഉണ്ടായിരിക്കണം.<br>2) വിവാഹശേഷം ആറുമാസത്തിനുശേഷവും ഒരുവർഷത്തിനകവും |

| | | |
|---|---|---|
| | | ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം.<br>3) വിവാഹസർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണം.<br>4) അപേക്ഷയോടൊപ്പം നിലവിൽ ദമ്പതികൾ ഒന്നിച്ചുതാമസിച്ചുവരുന്നതായി ബന്ധപ്പെട്ട ജനപ്രതിനിധിയുടെ (വാർഡ്മെമ്പർ/കൗൺസിലർ) സാക്ഷ്യപത്രം ഹാജരാക്കണം.<br>5) അപേക്ഷകരിൽ ഒരാൾ മാത്രം ട്രാൻസ്ജെൻഡർ വ്യക്തിയാണെങ്കിലും ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.<br>6) വിവാഹധനസഹായം ഒരിക്കൽ ലഭിച്ചുകഴിഞ്ഞാൽ ഏതെങ്കിലും കാരണവശാൽ നിലവിലുള്ള വിവാഹബന്ധം വേർപെടുത്തി പുനർവിവാഹം കഴിക്കുകയാണെങ്കിൽ വിവാഹധനസഹായത്തിന് അർഹതയുണ്ടായിരിക്കില്ല<br>7) വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേന അതാത് ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് അപേക്ഷകൾ നൽകേണ്ടത്. |

| | | |
|---|---|---|
| | **ലിംഗമാറ്റ ശസ്ത്രക്രിയ ശസ്ത്രക്രിയകൾക്ക് ധനസഹായം നൽകുന്ന പദ്ധതി**<br>ലിംഗമാറ്റശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്മാൻ വിഭാഗത്തിനു പരമാവധി 5 ലക്ഷം രൂപയും ട്രാൻസ് വുമൺ വിഭാഗത്തിനു പരമാവധി 2.5 ലക്ഷം രൂപയുമായി ധനസഹായം അനുവദിച്ചു വരുന്നുണ്ട്. | 1) അപേക്ഷകൻ ട്രാൻസ്ജെൻഡർ ID card, മേൽ വിലാസം തെളിയിക്കുന്നതിനുള്ള രേഖ (ആധാർ) എന്നിവ ഉണ്ടായിരിക്കണം.<br>2) ലിംഗമാറ്റ ശസ്ത്രക്രിയകൾക്ക് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള ഏതെങ്കിലും ആശുപത്രിയിൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയ ശേഷം വ്യക്തമായ ചികിത്സാ റിപ്പോർട്ട് ബില്ലുകൾ, ഡോക്ടറുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.<br>3) ലിംഗമാറ്റത്തിനായുള്ള ആദ്യഘട്ട ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്കും എല്ലാ ഘട്ടങ്ങളും പൂർത്തീകരിച്ചവർക്കും വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>4) പ്രായ പരിധി 18 വയസ്സ് പൂർത്തിയായിരിക്കണം.<br>5) വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേനയാണ് അപേക്ഷ നൽകേണ്ടത്. |
| | **SRS Aftercare**<br>ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും | അപേക്ഷിക്കുന്ന വ്യക്തികൾക്ക് ട്രാൻസ്ജെൻഡർ ID കാർഡ്.<br>*മേൽവിലാസം തെളിയിക്കുന്നതിനുള്ള |

| | | |
|---|---|---|
| | തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി. | രേഖ (ആധാർ, Voters ID) ഉണ്ടായിരിക്കണം.<br>*ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയ റിപ്പോർട്ടും, ബന്ധപ്പെട്ട ഡോക്ടറുടെ സാക്ഷ്യപത്രം.<br>*പ്രായ പരിധി 18 നും 40 നും മദ്ധ്യേ.<br>*വകുപ്പിന്റെ സുനീതിപോർട്ടൽ മുഖേനയാണ് അപേക്ഷ നൽകേണ്ടത്. |
| | **കരുതൽ പദ്ധതി**<br>അടിയന്തിര ഘട്ടങ്ങളിൽ ഉടൻ പരിഹാരം കണ്ടെത്തുന്നതിന് ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തിര ഘട്ടങ്ങളിൽ25,000/- രൂപവരെയുള്ള ധനസഹായം അനുവദിയ്ക്കുന്ന പദ്ധതി | 1) ട്രാൻസ്ജെൻഡർ സർട്ടിഫിക്കറ്റ് / ട്രാൻസ്ജെൻഡർ ID കാർഡ് നിർബന്ധമായും ഉണ്ടായിരിക്കണം.<br>2) അടിയന്തര സാഹചര്യത്തിൽ നൽകുന്ന സേവനം ആയതിനാൽ ദാരിദ്ര്യരേഖ പരിധി, റേഷൻ കാർഡ്, മറ്റു മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വേർതിരിവ് ഒഴിവാക്കേണ്ടതാണ്.<br>3) അടിയന്തര പ്രാഥമിക ശുശ്രൂഷ നൽകൽ,അടിയന്തര ശസ്ത്രക്രിയ, ആംബുലൻസ് സേവനം, വസ്ത്രം, ഭക്ഷണം, നിയമ സഹായം തുടങ്ങിയ കാര്യങ്ങൾക്ക് ഉപദേശകസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ |

| | | |
|---|---|---|
| | | ഓഫീസർക്ക് തുക വിനിയോഗിക്കാവുന്നതാണ്.<br>4) ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷം സംഭവിക്കുന്ന ഗുരുതരമായ ആരോഗ്യ പ്രശ്ലങ്ങൾ നേരിടേണ്ടി വരുന്ന അടിയന്തര സാഹചര്യങ്ങളിൽ ചികിത്സ ഉറപ്പാക്കുന്നതിനായി പ്രസ്തുത തുക വിനിയോഗിക്കാവുന്നതാണ്.<br>5) നിരാലംബരായ സാഹചര്യത്തിലോ, മറ്റ ക്രൈസിസുകൾ മുഖേനയോ വരുന്ന ടാൻസ്ജെൻഡർ വ്യക്തികൾക്ക് സുരക്ഷിതമായി കെയർ ഹോമുകൾ ìഷെൽറ്റർ ഹോമുകളിൽ എത്തിക്കുന്നതിനും അതിനു മുൻപ് ഉള്ള മെഡിക്കൽ പരിശോധനയ്ക്കും,ഭക്ഷണ ത്തിനും, വസ്ത്ത്തിനും പ്രസ്തുത തുക വിനിയോഗിക്കാവുന്നതാണ്.<br>6) പ്രകൃതി ദുരന്തത്തിന് ഇരയാകുന്ന ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് അടിയന്തര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകുന്നതിന് വിനിയോഗിക്കാവുന്നതാണ്.<br>7) ആസിഡ് ആക്രമണം, മറ്റ് ഗുരുതര പൊള്ളൽ ഏൽക്കുക എന്നിവയ്ക്ക് |

| | | |
|---|---|---|
| | | അടിയന്തിര വൈദ്യസഹായം നൽകുന്നതിന് തുക വിനിയോഗിക്കാവുന്നതാണ്.<br>8) ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ജീവനോ സ്വത്തിനോ അപകടം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തര പരിരക്ഷ നൽകുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.<br>9) വളരെ അത്യാവശ്യ ഘട്ടങ്ങളിൽ വ്യവസ്ഥകൾ കൂടാതെയുള്ള അനാഥരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തിരാവശ്യങ്ങൾക്ക് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായോ മോണിറ്ററിംഗ് കമ്മിറ്റിയെ ബോധ്യപ്പെടുത്താനാകുന്ന രീതിയിലോ തുക വിനിയോഗിക്കാവുന്നതാണ്.<br>10) ഒരു ഗുണഭോക്താവിന് ഒരു സാമ്പത്തിക വർഷത്തിൽ ഒരു തവണ മാത്രം ധനസഹായം അനുവദിക്കേണ്ടതുള്ളൂ.<br>11) പരിചാരകർ ആരുമില്ലാത്ത പക്ഷം ഒരു കെയർഗിവറെ നിയോഗിക്കുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.<br>12) ജില്ലാ സാമൂഹ്യനീതി ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. |

| | | |
|---|---|---|
| | **യത്നം** പി.എസ്.സി, യൂ.പി.എസ്.സി, ബാങ്ക് സർവീസ്, **RRB**, യൂ.ജി.സി/നെറ്റ്/ജെ.ആർഎ ഫ്, **CAT/MAT** തുടങ്ങിയ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് പരിശീലനത്തിനായുള്ള സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി | • പി എസ് സി. യു പി എസ് സി. ബാങ്കിംഗ് സർവീസ്, യുജിസി/ നെറ്റ്/ ജെ ആർ എഫ്. CAT/MAT തുടങ്ങിയ വിവിധ മത്സരപരീക്ഷകൾക്കുള്ള പരിശീലനത്തിന് പ്രശസ്തിയും സേവനപാരമ്പര്യമുള്ളതും,. മുൻ വർഷങ്ങളിൽ മികച്ച റിസൾട്ട് സൃഷ്ടിച്ചിട്ടുള്ളതുമായ സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള ഉദ്യോഗാർഥികൾക്കും, വിദ്യാർഥികൾക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>• സ്ഥാപനങ്ങളുടെ നിലവാരം തൃപ്തികരമല്ല എന്ന് വകുപ്പിന് ബോധ്യപ്പെടുന്നപക്ഷം ഇത്തരം സ്ഥാപനങ്ങളിലേക്കുള്ള പരിശീലനാർത്ഥികളുടെ അപേക്ഷകൾ നിരസിയ്ക്കുന്നതാണ്.<br>• എന്നാൽ ആദ്യ തവണ ലോങ് ടേം പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് സ്ഥാപനത്തിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | സാക്ഷ്യപത്രത്തിൻ്റെ അടിസ്ഥാനത്തിൽ 6 മാസത്തെ കോഴ്സിനു ഒരു തവണ കൂടി അപേക്ഷിക്കാവുന്നതാണ്.<br>• · ബാങ്കിംഗ് സർവീസ് പരീക്ഷകളുടെ പരിശീലനത്തിനുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നവർ കുറഞ്ഞത് 5 വർഷമെങ്കിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും, രജിസ്ട്രേഷൻ ഉള്ളതും, പ്രതിവർഷം 50 പേരെയെങ്കിലും പരിശീലിപ്പിക്കുന്ന സ്ഥാപനത്തിൽ പഠിക്കുന്നവർ ആയിരിക്കണം.<br>• ഓരോ മത്സര പരീക്ഷയ്ക്കുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും പ്രായപരിധിയും ഈ പദ്ധതിക്കും ബാധകമായിരിക്കും.<br>• അപേക്ഷയിൽ രേഖപ്പെടുത്തുന്ന മാർക്ക് ശതമാനം തെളിയിക്കുന്നതിന് മാർക്ക് ലിസ്റ്റ് കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് ആണ് സമർപ്പിയേണ്ടത്, |

| | | | |
|---|---|---|---|
| | | | മറിച്ച് കോഴ്സ് സർട്ടിഫിക്കറ്റ് അല്ല.<br>• ട്രാൻസ്ജെൻഡർ ഐഡികാർഡ്, എസ്എസ്എൽസി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും, മാർക്ക് ശതമാനം തെളിയിക്കുന്ന മാർക്ക് ലിസ്റ്റ്/ കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റിന്റെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, നിശ്ചിത മാതൃകയിൽ സ്ഥാപനമേധാവി നൽകുന്ന സാക്ഷ്യപത്രം, സ്ഥാപനത്തിൽ ഫീസ് അടച്ച ഒറിജിനൽ രസീത്. ബാങ്ക് പാസ് ബുക്കിൻ്റെ ആദ്യ പേജിൻറെ പകർപ്പ്, ആധാർ കാർഡിൻ്റെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.<br>• പരിശീലനം നേടാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിന്റെ പേരും വിശദാംശങ്ങളും അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്. ജില്ലാ സാമൂഹ്യനീതി |

| | | |
|---|---|---|
| | | ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. |
| | **സാകല്യം പദ്ധതി** ട്രാൻസ്ജെൻഡർ വ്യക്തികൾക്ക്അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ പരിശീലനം നൽകി സ്വയം പ്രാപ്തരാക്കി ജീവിക്കുന്നതിനു സന്ദർഭമൊരുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പ് ആരംഭിച്ച പദ്ധതി. | 1) ഓരോ വ്യക്തിയുടെയും അഭിരുചിക്കനുസരിച്ചുള്ള കോഴ്സ് തിരഞ്ഞെടുക്കാവുന്നതാണ്.<br>2) കോഴ്സ് നൽകുന്ന സർക്കാർ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുക.<br>3) വൊക്കേഷണൽ ട്രെയിനിംഗ് നൽകിവരുന്ന സർക്കാർ ഏജൻസികൾ മുഖേന പദ്ധതി നടപ്പിലാക്കവുന്നതാണ്.<br>4) കോഴ്സുകൾ ലഭ്യമാകുന്ന സർക്കാർ രജിസ്ട്രേഷൻ ഉള്ള സ്വകാര്യ സ്ഥാപനങ്ങളിലും പഠനം നടത്താവുന്നതാണ്.<br>5) കോഴ്സുകളിൽ ചേരുന്നതിനു വിദ്യാഭ്യാസ യോഗ്യത നിർബന്ധമല്ല.<br>6) പഠനത്തോടൊപ്പം സ്റ്റൈപ്പന്റ് നൽകുന്നതാണ് |
| | **കെയർ ഹോം/ഷെൽട്ടർ ഹോം** ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി താത്ക്കാലിക ഷെൽട്ടർ ഹോമുകൾ NGO മുഖേന നടത്തി വരുന്ന ഹോമുകൾക്ക് തുക അനുവദിയ്ക്കുന്ന പദ്ധതി | ട്രാൻസ്മെൻ വ്യക്തികൾക്കായി തിരുവനന്തപുരത്തും, ട്രാൻസ്വുമൻ വ്യക്തികൾക്കായി എറണാകുളത്തുമാണ് ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നത്. |

| | | |
|---|---|---|
| | **ട്രാൻസ്ജെൻഡർ വ്യക്തികൾക്കായുള്ള സ്വയം തൊഴിൽ ധനസഹായം** സാമ്പത്തികമായും, തൊഴിൽപരമായും പിന്നോക്കാവസ്ഥ നേരിടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക്/ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിന് വനിതാ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ വായ്പ അനുവദിക്കുന്ന പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നു | |
| | **അനന്യം** ട്രാൻസ്ജെൻഡർ വ്യക്തികളുടെ ദൃശ്യത വർധിപ്പിക്കുന്നതിനും, സമൂഹത്തിൽ കൂടുതൽ സ്വീകാര്യത ലഭിക്കുന്നതിനും സാമ്പത്തികമായ ഉന്നമനം നേടുന്നതിനും പര്യാപ്തമാകുന്ന നിലയിൽ സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ഒരു ട്രാൻസ്ജെൻഡർ കലാ-ടീം രൂപീകരിച്ച പ്രത്യേക പരിശീലനം നൽകുന്ന പദ്ധതി 'അനന്യം' എന്ന പേരിൽ നടപ്പിലാക്കുന്നു. | കലാഭിരുചി, പ്രാവീണ്യം,വൈദഗ്ധ്യം,എന്നിവ അടിസ്ഥാനപെടുത്തി ആയിരിക്കും ഗുണഭോക്തകളെ തിരഞ്ഞെടുക്കുന്നത്.<br><br>18 വയസ്സ് പൂർത്തിയായ ട്രാൻസ്ജെൻഡർ വ്യക്തികൾക്കാണ് അപേക്ഷ സമർപ്പിക്കുവാൻ കഴിയുക.<br><br>തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾക്ക് ഏകദേശം 2 മണിക്കൂർ ദൈർഘ്യമുള്ള പരിപാടി അവതരിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. |

| | | |
|---|---|---|
| | **പ്രതിഭ**<br>സംസ്ഥാന-ദേശീയ-അന്തർദേശീയ തലത്തിൽ ബോഡി ബിൽഡിംഗ് ചാമ്പ്യൻഷിപ്പുകളിൽ മത്സരിക്കുന്നതിന് നിശ്ചിത കാലയളവിൽ പരിശീലനം നേടുന്നതിനും ദേശീയ-അന്തർദേശീയ തലങ്ങളിൽ നടക്കുന്ന സൗന്ദര്യ മത്സരം, മറ്റ് കലാ-കായിക മത്സരങ്ങൾ എന്നിവയിൽ പങ്കെടുക്കുന്നതിനും ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ചെലവാകുന്ന തുക ധനസഹായമായി അനുവദിക്കുന്ന വ്യക്തിഗത ഗുണഭോക്തൃ പദ്ധതി. | ബോഡി ബിൽഡിംഗ് ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ<br>1) സംസ്ഥാന-ദേശീയ-അന്തർദേശീയ തലങ്ങളിൽ സംഘടിപ്പിക്കപ്പെടുന്ന അംഗീകൃത ബോഡി ബിൽഡിംഗ് മത്സരങ്ങളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരും അഭിരുചിയും താത്പര്യവുമുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പരമാവധി 3 മാസം വരെയുള്ള പരിശീലനത്തിനും, പോഷകാഹാരത്തിനും, മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള യാത്രാചെലവിലേയ്ക്കുമായി സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്.<br>2) പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനായി അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.<br>3) മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായി അവസരം ലഭിച്ചതായുള്ള രേഖകൾ, രജിസ്ട്രേഷൻ ഫീസ് അടച്ചതിന്റെ രേഖകൾ എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.<br>4) പരിശീലനം നേടാൻ ആഗ്രഹിക്കുന്ന |

| | | | |
|---|---|---|---|
| | | | ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അംഗീകൃത സ്ഥാപങ്ങളിൽ നിന്നോ, യോഗ്യതയുള്ള സർട്ടിഫൈഡ് കോച്ച് / ട്രെയിനർമാരിൽ നിന്നോ മാത്രം പരിശീലനം തേടാവുന്നതാണ്.<br>5) ഇതിനായി തെരഞ്ഞെടുക്കപ്പെടുന്ന കോച്ച്, ട്രെയിനർ അല്ലെങ്കിൽ സ്ഥാപനങ്ങൾ എന്നിവയുടെ മുൻകാല പ്രവർത്തനപരിചയം, വൈദഗ്ധ്യം എന്നിവ വിലയിരുത്തി മാത്രമേ അപേക്ഷകൾ പരിഗണിക്കുകയുള്ളൂ.<br>6) പ്രസ്തുത പരിശീലനത്തിന് ആവശ്യമായ ഫീസ്, ഡയറ്റ് പ്ലാൻ അനുസരിച്ചുള്ള പോഷകാഹാരം എന്നിവയ്ക്ക് ധനസഹായം അനുവദിക്കാവുന്നതാണ്. ഫീസിനത്തിൽ തുക അനുവദിക്കുന്നതിനായി പരിശീലനം നേടുന്ന സ്ഥാപനം/കോച്ച്/ട്രെയിനർ സാക്ഷ്യപ്പെടുത്തിയ രേഖകളും, പോഷകാഹാരത്തിനുള്ള തുകയ്ക്കായി ഡയറ്റ് പ്ലാനും ഹാജരാക്കേണ്ടതാണ്.<br>7)ജില്ലാ സാമൂഹ്യനീതി ഓഫീസർ പ്രസ്തുത അപേക്ഷ പരിശോധിച്ച് ആയതിൻ്റെ ആധികാരികത ഉറപ്പു വരുത്തി ശുപാർശ സഹിതം |

| | | |
|---|---|---|
| | | റിപ്പോർട്ട് സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ഡയറക്ടർ അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റി അപേക്ഷ പരിശോധിക്കുന്നതാണ്. ടെക്നിക്കൽ കമ്മിറ്റിയിൽ ഒരു ന്യൂട്രീഷ്യൻ/ ഡയറ്റീഷ്യൻ ഉണ്ടാകുന്നതാണ്.<br>8)ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന അപേക്ഷകർക്ക് ധനസഹായത്തുക ജില്ലാ സാമൂഹ്യനീതി ഓഫീസ് മുഖേന ഉപഭോക്താവിന് നൽകുന്നതാണ്.<br>9)പരമാവധി 1,00,000/- രൂപ വരെ അനുവദിക്കുന്നതാണ്. 50:50 എന്ന അനുപാതത്തിൽ രണ്ടു ഗഡുക്കളായാണ് തുക അനുവദിക്കുന്നത്. ആദ്യ ഗഡുവായി അനുവദിച്ച തുക ചെലവഴിച്ചതിന്റെ അസൽ രേഖകൾ ഹാജരാക്കുന്ന മുറക്കും മത്സരം കഴിഞ്ഞതിനുശേഷവും മാത്രമേ രണ്ടാമത്തെ ഗഡു അനുവദിക്കുകയുള്ളൂ.<br>10) പരമാവധി 5 പേർക്കാണ് ഈ സാമ്പത്തിക വർഷം ധനസഹായം അനുവദിക്കുന്നത്.<br><br><u>സൗന്ദര്യ മത്സരങ്ങൾ</u> |

| | | |
|---|---|---|
| | | 1) ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി ദേശീയ/അന്തർദേശീയ തലത്തിൽ സംഘടിപ്പിക്കപ്പെടുന്ന സൗന്ദര്യമത്സരങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ധനസഹായം അനുവദിക്കുന്നതാണ്.<br>2) പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനായി അപേക്ഷ, ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.<br>3) ദേശീയ/അന്തർദേശീയ തലത്തിൽ നടത്തപ്പെടുന്ന സൗന്ദര്യ മത്സരങ്ങളിൽ പങ്കെടുത്തത് തെളിയിക്കുന്ന രേഖകൾ (ഫോട്ടോ, വീഡിയോ എന്നിവയുൾപ്പെടെ) അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.<br>4) പ്രസ്തുത മത്സരങ്ങളിൽ പങ്കെടുത്തവർക്ക് കോസ്റ്റ്യൂം, യാത്രാ ചെലവ്, താമസ സൗകര്യം എന്നിവക്കായി പരമാവധി 30,000/- രൂപ വരെ ധനസഹായം നൽകുന്നതാണ്. മത്സരം കഴിഞ്ഞതിനുശേഷം ചെലവായ തുകയുടെ |

| | | |
|---|---|---|
| | | അസ്സൽ ബില്ലുകൾ/ വൗച്ചറുകൾ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.<br>5) സംസ്ഥാനത്തിനകത്ത് സംഘടിപ്പിക്കപ്പെടുന്ന സൗന്ദര്യമത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ധനസഹായം അനുവദിക്കുന്നതല്ല.<br>6) ജില്ലാ സാമൂഹ്യനീതി ഓഫീസർ പ്രസ്തുത അപേക്ഷ പരിശോധിച്ച് ആയതിന്റെ ആധികാരികത ഉറപ്പു വരുത്തി ശുപാർശ സഹിതം റിപ്പോർട്ട് സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ഡയറക്ടർ അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റി അപേക്ഷ പരിശോധിക്കുന്നതാണ്. ടെക്നിക്കൽ കമ്മിറ്റിയിൽ മേഖലയുമായി ബന്ധപ്പെട്ട ഒരു വിദഗ്ധ അംഗം ഉണ്ടായിരിക്കുന്നതാണ്.<br>7) അപേക്ഷ പരിഗണനാർഹമെങ്കിൽ ധനസഹായത്തുക ജില്ലാ സാമൂഹ്യനീതി ഓഫീസ് മുഖേന ഉപഭോക്താവിന് നൽകുന്നതാണ്.<br>8) അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് യാത്രാചെലവിനത്തിൽ വരുന്ന അധിക തുക |

| | | |
|---|---|---|
| | | കണ്ടെത്തുന്നതിനായി സ്പോൺസർമാരെ കണ്ടെത്താവുന്നതാണ്. അങ്ങനെ കണ്ടെത്താൻ കഴിയാത്തപക്ഷം അധിക തുകയ്ക്കായി ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ സഹിതം സർക്കാരിൻ്റെ പ്രത്യേക അനുമതി തേടുന്നതാണ്.<br>9) പരമാവധി 5 പേർക്കാണ് ഈ സാമ്പത്തിക വർഷം ധനസഹായം അനുവദിക്കുന്നത്.<br><br><u>മറ്റ് കലാ-കായിക മത്സരങ്ങൾ</u><br>1) പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനായി അപേക്ഷ, ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ഡയറക്ടർ അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റി അപേക്ഷ പരിശോധിക്കുന്നതാണ്. ടെക്നിക്കൽ കമ്മിറ്റിയിൽ മേഖലയുമായി ബന്ധപ്പെട്ട ഒരു വിദഗ്ദ്ധ അംഗം ഉണ്ടായിരിക്കുന്നതാണ്.<br>2) ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്തതിൻ്റെ രേഖകൾ |

| | | |
|---|---|---|
| | | അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.<br>3) പ്രസ്തുത മത്സരങ്ങളിൽ പങ്കെടുത്തവർക്ക് ഭക്ഷണം, യാത്ര ചെലവ് താമസ സൗകര്യം എന്നിവക്കായി പരമാവധി 25,000/- രൂപ വരെ ധനസഹായം നൽകുന്നതാണ്. മത്സരം കഴിഞ്ഞതിനുശേഷം ചെലവായ തുകയുടെ അസ്സൽ ബില്ലുകൾ/ വൗച്ചറുകൾ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.<br>4) അപേക്ഷ പരിഗണനാർഹമെങ്കിൽ ധനസഹായത്തുക ജില്ലാ സാമൂഹ്യനീതി ഓഫീസ് മുഖേന ഉപഭോക്താവിന് നൽകുന്നതാണ്.<br>5)അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് യാത്രാചെലവിനത്തിൽ വരുന്ന അധിക തുക കണ്ടെത്തുന്നതിനായി സ്പോൺസർമാരെ കണ്ടെത്താവുന്നതാണ്. അങ്ങനെ കണ്ടെത്താൻ കഴിയാത്തപക്ഷം അധിക തുകയ്ക്കായി ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ സഹിതം സർക്കാരിൻ്റെ പ്രത്യേക അനുമതി തേടുന്നതാണ്.<br>6) പരമാവധി 5 പേർക്കാണ് ഈ സാമ്പത്തിക വർഷം |

| | | |
|---|---|---|
| | | ധനസഹായം അനുവദിക്കുന്നത്. |
| | **ഓവർസീസ് സ്കോളർഷിപ്പ്** വിദേശരാജ്യങ്ങളിൽ ഉന്നതപഠനം നടത്തുവാൻ ആഗ്രഹിക്കുന്ന കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളെ ലോകോത്തരമായ വിദ്യാഭ്യാസത്തിൻ്റെ വിഹായസ്സിലേക്ക് നയിക്കുന്നതിനുള്ള പ്രത്യേക വിദ്യാഭ്യാസ ധനസഹായപദ്ധതി. | 1) കേരളത്തിൽ ട്രാൻസ്ജെൻഡർ ഐഡി കാർഡ് ഉള്ള വ്യക്തികൾ ആയിരിക്കണം.<br>2) കോഴ്സുകളുടെ മാനദണ്ഡത്തിനനുസരിച്ചു ആവശ്യമായ ശതമാനത്തോടെ അടിസ്ഥാനവിദ്യാഭ്യാസം പൂർത്തിയാക്കിയ വ്യക്തികൾ ആയിരിക്കണം.<br>3) 40 വയസ്സിൽ താഴെയുള്ളവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>4) അപേക്ഷക/അപേക്ഷകൻ വിദേശരാജ്യങ്ങളിൽ പോകുന്നതിനുള്ള അടിസ്ഥാന ഭാഷായോഗ്യതാ ടെസ്റ്റുകൾ വിജയിച്ചിരിക്കണം. മതിയായ ഗ്രേഡ്/സ്കോർ എന്നിവ നേടിയിട്ടുണ്ടായിരിക്കണം.<br>5) പഠിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള ഓഫർ ലെറ്റർ, ഫീസിന്റെ വിശദവിവരങ്ങൾ ഉൾപ്പെടെ ലഭ്യമാക്കിയിരിക്കണം.<br>6) വിദ്യാഭ്യാസധനസഹായം അനുവദിക്കുന്ന കോഴ്സിന്റെ പഠനകാലയളവിലേക്ക് മാത്രമേ ധനസഹായം ലഭിയ്ക്കുകയുള്ളൂ. അനുവദനീയമായ പഠന കാലയളവിൽ പരീക്ഷയുടെ |

| | | |
|---|---|---|
| | | സമയവും ഉൾപ്പെടുത്തുന്നതായിരിക്കും. അടിയന്തിര സാഹചര്യങ്ങളിൽ ഒരാഴ്ച കൂടി അധികതാമസം അനുവദിക്കുന്നതാണ്. |
| | മറ്റ് പദ്ധതികൾ | |
| | **ട്രാൻസിറ്റ് ഹോം** | ശിക്ഷാകാലാവധി കഴിഞ്ഞോ പരോളിലോ ജയിൽ മോചിതരാകുന്നവരും മറ്റ് കാരണങ്ങളാൽ Ì നിയമവിരുദ്ധമായി രാജ്യത്ത് തങ്ങുന്ന വിദേശ പൗരന്മാർക്ക് അവരുടെ മാതൃരാജ്യത്തേക്ക് മടങ്ങാൻ കഴിയുന്നതുവരെ അവർക്ക് താൽക്കാലിക താമസസൗകര്യവും ഒരുക്കുന്ന പദ്ധതി |
| | **മിശ്ര വിവാഹ ധനസഹായം**<br>പട്ടികജാതി / പട്ടികവർഗ്ഗം ഒഴികെ മിശ്രവിവാഹം ചെയ്തത് മൂലം സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്ന ദമ്പതിമാർക്ക് ധനസഹായം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്നു. പദ്ധതി മുഖേന അനുവദിക്കുന്ന സാമ്പത്തിക ധനസഹായം 30,000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. മിശ്രവിവാഹിതർക്ക് നൽകിവരുന്ന ധനസഹായം പഞ്ചായത്തീരാജ് | 1)ദമ്പതിമാരുടെ വാർഷിക വരുമാന പരിധി 1,00,000/- രൂപയാണ്.<br>2. നിയമപരമായി വിവാഹം രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളു.<br>3. ദമ്പതികൾക്ക് ധനസഹായത്തിന് ഒരു തവണ മാത്രമേ അർഹതയുള്ളു.<br>4. ധനസഹായമായി നൽകുന്നതുക വ്യവസായം ആരംഭിക്കാൻ, സ്ഥലംവാങ്ങൽ, ഭവന നിർമ്മാണം തുടങ്ങിയ മൂലധനനിക്ഷേപങ്ങൾക്ക് വേണ്ടി |

| | | |
|---|---|---|
| | സംവിധാനം നിലവിൽ വന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായ ബ്ലോക്ക് പഞ്ചായത്തിനും, മുൻസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കുമായി കൈമാറ്റം ചെയ്തിട്ടുള്ളതാകുന്നു. | വിനിയോഗിക്കേണ്ടതാണ്.<br>5. ധനസഹായം നൽകുന്നതുക മേൽപ്പറഞ്ഞ രീതിയിൽ വിനിയോഗിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.<br>6. ധനസഹായം ലഭ്യമാകുമ്പോൾ ദമ്പതിമാർ കൂട്ടായി നിർദ്ദിഷ്ട ഫോറത്തിലുള്ള ഒരു എഗ്രിമെൻറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.<br>7. ദമ്പതികൾ യഥാസമയം തുക നിയമാനുസരണം വിനിയോഗിക്കാതെ വന്നാൽ തുക ദമ്പതികളിൽ നിന്നോ ജാമ്യക്കാരിൽ നിന്നോ റവന്യു റിക്കവറി പ്രകാരം ഈടാക്കേണ്ടതാണ്.<br>8. അപേക്ഷ വിവാഹത്തിനുശേഷം ഒരു വർഷത്തിനുശേഷം രണ്ട് വർഷത്തിനകം സമർപ്പിച്ചിട്ടുള്ളതാകണം. |

**സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന് കീഴിൽ നടത്തി വരുന്ന ഭിന്നശേഷിക്കാർക്കായുള്ള ക്ഷേമ പദ്ധതികളും അവയുടെ മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു**.

കേരള സാമൂഹ്യ സുരക്ഷാമിഷൻ ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട പദ്ധതികൾ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിലൂടെയാണ് (SID) ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. വൈകല്യങ്ങൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുക, വൈകല്യം എത്രയും നേരത്തെ കണ്ടെത്തുക,

ആവശ്യമായ ഇടപെടലുകളിലൂടെ വൈകല്യത്തിന്റെ തീവ്രത ലഘൂകരിക്കുക (Early Screening, Early Detections and Early Intervention), ഇതിനാവശ്യമായ സ്ഥാപന സംവിധാനങ്ങളുമായി Organized Network of Institution സ്ഥാപിക്കുക എന്ന സമീപനത്തിലധിഷ്ഠിതമായാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ആദ്യഘട്ടത്തിൽ രൂപം നൽകി നടപ്പാക്കി വരുന്നത്. അനുയാത്ര എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടിയുടെ ഭാഗമായാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പ്രോജക്ടുകളുടെ നിർവ്വഹണം നടത്തി വരുന്നത്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ, ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സഹകരിച്ചാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതികൾ നടപ്പാക്കുന്നത്.

- **സർക്കാർ ആശുപത്രികളിൽ നവജാത ശിശുക്കളുടെ കേൾവി പരിശോധന**

കുഞ്ഞുങ്ങളിലെ കേൾവി സംബന്ധമായ പ്രശ്നങ്ങൾ എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനായി ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവിപരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 61 സർക്കാർ ഡെലിവറി പോയിന്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. മറ്റു ആശുപത്രികളിൽ ജനിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രങ്ങളിലെത്തി സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.ഇതിനായി പരിശീലനം ലഭിച്ച ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നെഴ്സിന്റെ സേവനവും OAE എന്ന ഉപകരണവും ലഭ്യമാക്കിയിട്ടുണ്ട്. പ്രസവശേഷം അമ്മയും കുഞ്ഞും ആശുപത്രി വിടുന്നതിന് മുൻപായി തന്നെ കുഞ്ഞുങ്ങളുടെ കേൾവി പരിശോധന നടത്തുന്നു. ഈ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ, JPHNമാരുടെ വേതനം, പരിശീലനം തുടങ്ങിയവ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിൽ നിന്നും നൽകുന്നു. പ്രതിവർഷം സംസ്ഥാനത്ത് ശരാശരി 1,00,000 ലധികം കുട്ടികളുടെ കേൾവി പരിശോധന ഈ പദ്ധതിയിലൂടെ നടത്തുകയും കേൾവി

പ്രശ്നങ്ങൾ കണ്ടെത്തുന്ന കുട്ടികൾക്കാവശ്യമായ തുടർ പ്രവർത്തനങ്ങൾ ഒരുക്കുകയും ചെയ്യുന്നു.

**മാനദണ്ഡം - സർക്കാർ പ്രസവ ആശുപത്രികളിൽ ജനിക്കുന്ന കുട്ടികൾ**

- **കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA പരിശോധന**

നവജാത ശിശുക്കളുടെ കേൾവി പരിശോധനയിൽ കേൾവി പ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിദഗ്ദ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA(Brain Evoked Response Audiometry) സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ ജില്ലാ / ജനറൽ ആശുപത്രികളിൽ പ്രവർത്തിക്കുന്ന നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നെസ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്.

**മാനദണ്ഡം - കേൾവി പരിശോധന നടത്തി പ്രശ്നം കണ്ടെത്തുന്ന കുട്ടികളുടെ തുടർ ചികിൽസ.**

- **ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ**

കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ദ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും, കോക്ലിയാർ ഇംപ്ലാന്റേഷൻ ആവശ്യമുള്ളവർക്കും ഇംപ്ലാന്റേഷന് മുൻപുള്ള പ്രീ ഹാബിലിറ്റേഷൻ തെറാപ്പിയും ഇംപ്ലാന്റേഷന് ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികളും നൽകുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (NIPMR), കോഴിക്കോടും തിരുവനന്തപുരത്തുമുള്ള സർക്കാർ മെഡിക്കൽ കോളേജുകളിലെ ENT വിഭാഗം എന്നിവിടങ്ങളിൽ ആധുനിക സജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

**മാനദണ്ഡം - കേൾവി പരിശോധന നടത്തി പ്രശ്നം കണ്ടെത്തുന്ന കുട്ടികളുടെ തുടർ ചികിൽസ.**

- **ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്പെഷ്യൽ അങ്കണവാടികൾ**

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ പ്രശ്നങ്ങൾ തുടങ്ങി പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി പരമാവധി കുട്ടികളെ ജനറൽ സ്കൂളുകളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു. ഓരോ ഐ.സി.ഡി.എസ് പ്രോജക്റ്റിലേയും ഒരു അംഗൻവാടി, നോഡൽ സ്പെഷ്യൽ അംഗൻവാടിയായും മറ്റ് രണ്ട് അംഗൻവാടികൾ സാറ്റലൈറ്റ് സ്പെഷ്യൽ അംഗൻവാടികളായും പ്രവർത്തിക്കുന്നു. ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ആവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും സ്പെഷ്യൽ അങ്കണവാടികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതുവരെ 2397 കുട്ടികൾക്ക് പരിശീലനം നൽകുകയും 1174 കുട്ടികളെ ജനറൽ സ്കൂളിൽ ചേരാൻ പ്രാപ്തരാക്കുകയും ചെയ്തിട്ടുണ്ട്.

**മാനദണ്ഡം - ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ പ്രശ്നങ്ങൾ തുടങ്ങി പ്രത്യേക പരിചരണം ആവശ്യമുള്ള ആറു വയസ്സ് വരെ പ്രായമുള്ള കുട്ടികൾ.**

- **റീജിയണൽ ഏർളി ഇന്ററെർവെൻഷൻ സെന്ററെർ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും, തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്ററെർവെൻഷൻ സെന്ററെറുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്കാണ് ഈ കേന്ദ്രങ്ങളിലൂടെ സേവനം നൽകുന്നത്. ഇവരിൽ തന്നെ

അനുബന്ധ രോഗങ്ങൾ ഉള്ളവർ, പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിൽ നിന്നും refer ചെയ്യുന്നവർ, എന്നിവർക്കാണ് റീജിയണൽ ഏർളി ഇന്ററെർവെൻഷൻ സെന്ററുകളിൽ മുൻഗണന നൽകുന്നത്. സ്ക്രീനിംഗ്, ഏർളി ഇന്ററെർവെൻഷൻ, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സ തുടങ്ങിയവ ഈ സെന്ററുകളിലൂടെ ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജിലെ ശിശു ചികിത്സാ വിഭാഗത്തിലെ ഒരു പ്രൊഫസർ / അസിസ്റ്റന്റ് പ്രൊഫസർ ആണ് ഈ കേന്ദ്രത്തിന്റെ നോഡൽ ഓഫീസർ. ഓരോ കേന്ദ്രത്തിലും ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഡെവലപ്മെന്റൽ തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ് ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ എന്നീ വിദഗ്ദരുടെ സേവനവും REICമാനേജരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

**മാനദണ്ഡം – വളർച്ചാ വികാസ പ്രശ്നങ്ങളും, വൈകല്യവും ഉള്ള 18 വയസ്സുവരെയുള്ള കുട്ടികൾ**

- **മൊബൈൽ ഇന്ററെർവെൻഷൻ യൂണിറ്റുകൾ**

ഭിന്നശേഷിക്കാർക്ക്പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ വിവിധ കാരണങ്ങളാൽപലരും പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇന്ററെർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെന്റൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം മൊബൈൽ ഇന്ററെർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. ദേശീയ ആരോഗ്യ ദൗത്യം (എൻ്എച്ച്.എം) മുഖേനയാണ് മൊബൈൽ ഇന്ററെർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്.

**മാനദണ്ഡം - വളർച്ചാ വികാസ പ്രശ്നങ്ങളും, വൈകല്യവും ഉള്ള കുട്ടികൾ**

- **ഓട്ടിസം സെന്ററുകൾ**

ഓട്ടിസം കുട്ടികൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെൻററുകൾ സ്ഥാപിച്ചിട്ടുണ്ട്. സെന്ററിലൂടെ ഈ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യ സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെന്റൽ തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്ക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ്. മെഡിക്കൽ കോളേജുകളിലെ പ്രൊഫസർ / അസിസ്റ്റന്റ് പ്രൊഫസർ (പീഡിയാട്രീഷൻ) ആണ് സെന്ററിന്റെ നോഡൽ ഓഫീസർ. പ്രതിമാസം ശരാശരി 2500-2600 കുട്ടികൾക്ക് ഈ സെന്ററുകളിലൂടെ സേവനം നൽകി വരുന്നു.

**മാനദണ്ഡം - ഓട്ടിസം സംശയിക്കപ്പെടുന്ന കുട്ടികൾ**

- **റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റർ**

ആധുനികവും ശാസ്ത്രീയവും ആയ സംവിധാനങ്ങൾ ഉപയോഗിച്ച് ഓട്ടിസം മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റെർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു.ഓട്ടിസം പരിപാലനവുമായി ബന്ധപ്പെട്ട്, ഓട്ടിസം സ്കൂൾ, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള

തെറാപ്പികൾ, പരിശീലനങ്ങൾ എന്നിവ ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

**മാനദണ്ഡം – ഓട്ടിസം സംശയിക്കപ്പെടുന്ന കുട്ടികൾ**

- **ഹോർട്ടികൾച്ചർ തെറാപ്പി**

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ ഭിന്നശേഷി പരിപാലനം നടത്തുന്ന ഒരു പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നു. വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് വിഭാഗം വഴിയാണ് ഹോർട്ടികൾച്ചർ തെറാപ്പിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നത്. ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും തെറാപ്പി നൽകുകയും ഇതിലൂടെ അവരെ ശാക്തീകരിച്ചു ആത്മവിശ്വാസം വളർത്തുന്നതിനും സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള ആത്മ വിശ്വാസം അവരിൽ ഉണ്ടാക്കിയെടുക്കുയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിൽ ഒരു ഭിന്നശേഷി സൗഹൃദ മാതൃകാ ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡനും സജ്ജമാക്കിയിട്ടുണ്ട്. ഈ പദ്ധതി കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലും ആരംഭിച്ചിട്ടുണ്ട്.

**മാനദണ്ഡം – ഭിന്നശേഷിക്കാരായ കുട്ടികളും യുവാക്കളും**

- **ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി**

ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യങ്ങൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന

രോഗികൾക്ക് ചികിത്സയുടെ ഭാഗമായി സൗജന്യമായി മരുന്ന് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആങ്കയിലോസിംഗ് സ്പോണ്ടിലൈറ്റിസ് രോഗികൾക്കായി ഒരു സ്റ്റേറ്റ് രജിസ്ട്രിയും ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നോഡൽ സെന്ററുകളായ തിരുവനന്തപുരം, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെഈ പദ്ധതി നടപ്പിലാക്കുകയും 51 രോഗികൾക്ക് സൗജന്യമായി മരുന്ന് ലഭ്യമാക്കുകയും ചെയ്യുന്നു.

**മാനദണ്ഡം – സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ് രോഗികൾ**

- **മൾട്ടിപ്പിൾ സ്ക്ലീറോസിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ളവൈകല്യം തടയുന്നതി നായുള്ളപ്രത്യേക പദ്ധതി**

മൾട്ടിപ്പിൾ സ്ക്ലീറോസിസ് മൂലമുണ്ടാകാൻ സാധ്യതയുള്ള വൈകല്യം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മൾട്ടിപ്പിൾ സ്ക്ലീറോസിസ് രോഗികൾക്കായി സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ആശുപത്രിയും, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജും നോഡൽ സെന്ററായി കണ്ടെത്തി 77 രോഗികൾക്ക് സൗജന്യമായി മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**മാനദണ്ഡം – സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മൾട്ടിപ്പിൾ സ്ക്ലീറോസിസ് രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്നു**

- **മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ**

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ, പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ അനുയാത്രയുടെ ഭാഗമായി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററർ കെട്ടിടനിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ചു വരുന്നു. കണ്ണൂർ ജില്ലയിലെ മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാലൂർ എന്നിവിടങ്ങളിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളിൽ ആവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

**മാനദണ്ഡം – ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ**

- **ഭിന്നശേഷിക്കാർക്കായുള്ള ഹെൽപ്പ് ഡെസ്ക് (1800 120 1001)**

ഭിന്നശേഷിക്കാർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ ഉൾപ്പെടെയുള്ള വിവിധ വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. 1800 120 1001എന്ന ടോൾഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്. പ്രതിദിനം ശരാശരി 150 ലധികം ഭിന്നശേഷിക്കാർ ഹെൽപ്പ് ഡെസ്ക്കിന്റെ സേവനം ഉപയോഗപ്പെടുത്തി വരുന്നു.

**മാനദണ്ഡം – ഭിന്നശേഷിക്കാരും അവരുമായി ബന്ധപ്പെട്ട വ്യക്തികളും**

14. **ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റെർ**

ഓട്ടിസം സംശയിക്കുന്ന മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളിലൂടെയുള്ള പുനരധിവാസ

പ്രവർത്തനങ്ങൾപ്രത്യേകമായി ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ പ്രവർത്തിച്ച് വരുന്നു.

**മാനദണ്ഡം – വളർച്ചാ വികാസ പ്രശ്നങ്ങൾ നേരിടുന്ന 0–3 വയസ്സു വരെയുള്ള കുട്ടികൾ**

15. **സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്ററർ**

സെറിബ്രൽ പാൾസി ഉള്ള കുട്ടികൾക്ക് ആധുനിക സംവിധാനങ്ങളോട് കൂടിയ പുനരധിവാസ പ്രവർത്തനങ്ങളും, ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളും പഠനങ്ങളും നടത്തുന്നതിനായി ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ &റീഹാബിലിറ്റേഷനിൽ സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്ററർ സ്ഥാപിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ യുള്ള തെറാപ്പികളും പരിശീലനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

**മാനദണ്ഡം – സെറിബ്രൽ പാൾസി സംശയിക്കപ്പെടുന്ന കുട്ടികൾ**

16. **ഗുരുതരമായ നാഡീവ്യൂഹ വ്യവസ്ഥാ തകരാറുകൾ ബാധിച്ചവർക്കായുളള പദ്ധതികൾ**

നാഡീവ്യൂഹ വ്യവസ്ഥയിലെ ഗുരുതരമായ തകരാറുകൾ കാരണം വിവിധ പ്രയാസങ്ങളും, വൈകല്യങ്ങളും ബാധിച്ചവർക്കുള്ള സേവനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഇരിങ്ങാലക്കുട നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ഗേറ്റ് ആന്റ്മോഷൻ അനാലിസിസ് ലാബ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഈ കേന്ദ്രത്തിൽ പ്രവർത്തിച്ച്

വരുന്ന സ്പൈനൽ ഇഞ്ചുറി പുനരധിവാസ കേന്ദ്രത്തിൽ ഈ വിഭാഗം രോഗികൾക്കാവശ്യമായ സീലിംഗ് ലിഫ്റ്റ്, സെക്കണ്ടറി കോംപ്ലിക്കേഷൻ അസ്സസ്മെന്റ് മോണിറ്ററിംഗ് സംവിധാനങ്ങൾ, പേഷ്യൻറ് സപ്പോർട്ട് സർവ്വീസുകളുടെ ശാക്തീകരണം തുടങ്ങിയവ ലഭ്യമാക്കുന്നതിനും വേണ്ട ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

**മാനദണ്ഡം – ഗുരുതരമായ നാഡീവ്യൂഹ വ്യവസ്ഥാ തകരാറുകൾ ബാധിച്ചവർ**

17. **റീഹാബ് എക്സ്പ്രസ്**

ഭിന്നശേഷിക്കാർക്ക് തെറാപ്പികൾ ഉൾപ്പെടെയുള്ള ഇടപെടലുകൾ ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന വ്യക്തിഗത ഭിന്നശേഷി സഹായ ഉപകരണ വിതരണ പദ്ധതികളിൽ അസ്സസ്മെൻറ്, പരിശീലനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുമായി NIPMR മായി ചേർന്ന് സ്റ്റേറ്റ് ഇനിഷ്യേറ്റിവ് ഓൺ ഡിസെബിലിറ്റീസ് റീഹാബ് എക്സ്പ്രസ്സ് എന്ന ഒരു മൊബൈൽ യൂണിറ്റ് നടപ്പിലാക്കി വരുന്നു.

**മാനദണ്ഡം – എല്ലാ വിഭാഗത്തിലുമുള്ള ഭിന്നശേഷിക്കാർക്കും**

18. **ഷോർട്ട് ഫിലുമുകൾ (ഡ്രീം ഡെയർ ഡു)**

സ്പെഷ്യൽ സ്കൂളുകൾ, വികലാംഗർക്കായുള്ള സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകളും ഏജൻസികളും, അക്കാദമിക് – പരിശീലന സ്ഥാപനങ്ങൾതുടങ്ങിയവയിലൂടെയും സോഷ്യൽ മീഡിയയിലൂടെയും ഭിന്നശേഷിക്കാരായ വ്യക്തികളുടെ കഴിവുകളും, വിജയങ്ങളും ഉയർത്തിക്കാട്ടുന്ന 4 ഷോർട്ട് ഫിലിമുകൾ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നിർമ്മിച്ചു പ്രദർശിപ്പിച്ചു വരുന്നു.

**മാനദണ്ഡം – എല്ലാ വിഭാഗക്കാർക്കും**

19. **ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി 14 ജില്ലകളിലായി ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത കേന്ദ്രങ്ങൾക്കാവശ്യമായ ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടം, ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന സജ്ജമാക്കി ദേശീയ ആരോഗ്യ ദൗത്യത്തിന് കൈമാറിയിട്ടുണ്ട്.

**മാനദണ്ഡം – ഭിന്നശേഷിക്കാരായ 0–6 വയസ്സുവരെയുള്ള കുട്ടികൾ**

**കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴി നടപ്പാക്കുന്ന പദ്ധതികൾ**

**1. ആശ്വാസകിരണം പദ്ധതി** : ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം പദ്ധതി. 2010 ലാണ് പദ്ധതി ആരംഭിച്ചത്. തുടക്കത്തിൽ 250/– രൂപയായിരുന്നു നൽകിയിരുന്നത്. നിലവിൽ 600/– രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ചു വരുന്നത്.

**മാനദണ്ഡം**

- ശയ്യാവലംബരായവർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസികവൈകല്യം, 100 % കാഴ്ചശക്തിയില്ലാത്തവർ, പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ മാരക രോഗം കാരണവും പൂർണ്ണ സമയവും ദൈനംദിന കാര്യങ്ങൾക്കായി പരിചാരകന്റെ സഹായം ആവശ്യമുള്ളവരുടെ പരിചാരകരാണ് ഗുണഭോക്താക്കൾ.

- ബുദ്ധിമാന്ദ്യം ഉള്ളവർ, സെറിബ്രൽ പാൾസി ഓട്ടിസം തുടങ്ങിയ രോഗങ്ങൾ ബാധിച്ചവർക്ക് വരുമാന പരിധി ബാധകമല്ല.

- പരിചരണം നൽകുന്നയാൾ സ്ഥിരവരുമാനമുള്ളവരായിരിക്കരുത്.
- വാർഷിക കുടുംബ വരുമാനം ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയും നഗരപ്രദേശങ്ങളിലുള്ളവർക്ക് 22,375/- രൂപയിലും താഴെയായിരിക്കണം.
- നിശ്ചിത ഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകകൾ സഹിതം ശിശു വികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്.

**<u>2. സ്നേഹസ്പർശം പദ്ധതി</u>** : ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിയ്ക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദ്യേശത്തോടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സ്നേഹസ്പർശം പദ്ധതി. നിലവിൽ 2000/- രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ചു വരുന്നത്.

**<u>മാനദണ്ഡം</u>**

- 65 വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം.
- ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരായവർ ആയിരിക്കണം.
- പുനർ വിവാഹിതരായിരിക്കാൻ പാടില്ല.
- സർക്കാരിന്റെ മറ്റൊരാനുകൂല്യം ലഭിക്കാത്തവരായിരിക്കണം.
- ജാതി ബാധകമല്ല.
- എല്ലാ അഗതികളായ അവിവാഹിത അമ്മമാർക്കും ആനുകൂല്യം ലഭിക്കുന്നതാണ്.
- നിശ്ചിത ഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകകൾ സഹിതം ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് നൽകേണ്ടതാണ്.

## 3. എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസത്തിന് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(എ). ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയുടേയും മെഡിക്കൽ ക്യാമ്പിൻറേയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച് നൽകിയ ദുരിതബാധിതരുടെ ലിസ്റ്റ് പ്രകാരം ദീർഘകാല ചികിൽസ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരായ മറ്റുള്ളവർക്ക് 1200/- രൂപ വീതവും പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സ്നേഹസാന്ത്വനം പദ്ധതി.

(ബി). കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിരുടെ ഗണത്തിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി. നിലവിൽ 700/- രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ചു വരുന്നത്.

(സി). എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്ന പദ്ധതി. എൻഡോസൾഫാൻ ദുരിത

ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 മുതൽ പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7 വരെയുള്ള ക്ലാസ്സുവരെയുള്ള കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുവരെയുള്ളവർക്ക് 3000/- രൂപ വീതവും 11,12 ക്ലാസ്സുകളിലുള്ളവർക്ക് 4000/- രൂപ വീതവും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

(ഡി). കാസർഗോഡ് ജില്ലയിലെ പെരിയ, കാറഡുക്ക, മൂളിയാർ, കയ്യൂർ ചീമേനി, ബെള്ളൂർ, കുമ്പഡാജെ, എൻമകജെ, പനത്തടി, ബദിയടുക്ക, കല്ലാർ എന്നീ 10 ബഡ്സ് സ്കൂളുകളെ മാതൃക ശിശു വികസന കേന്ദ്രങ്ങളാക്കി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ ആവശ്യമായ ഫർണിചറുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും ആവശ്യമായ ജീവനക്കാരെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രങ്ങളിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ സിഡ്കോയിൽ നിന്നും മറ്റ് തെറാപ്പി ഉപകരണങ്ങൾ നിപ്പറിൽ നിന്നും വാങ്ങിയിട്ടുണ്ട്. മേൽ 10 MCRC കളിൽ Solar Plant സ്ഥാപിക്കുന്നതിന് ANERT മായി ചേർന്ന് കൊണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**<u>മാനദണ്ഡം</u>**

**<u>സ്നേഹസാന്ത്വനം പദ്ധതി :-</u>**

- ആരോഗ്യ വകുപ്പ് നടത്തുന്ന സർവ്വേയിൽ എൻഡോസൾഫാൻ ദുരിത ബാധിതരായി കണ്ടെത്തി ജില്ലാ കളക്ടർ അംഗീകരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് വരുമാന പരിധി കണക്കിലെടുക്കാതെ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നു.

**<u>സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി :-</u>**

- കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചവരോ ആയിട്ടുള്ളവരെ പരിചരിക്കുന്നവരെ കെയർ

ഗിവർ എന്ന നിലയിൽ ഗുണഭോക്താക്കളായി കണക്കാക്കുന്നതാണ്.

- വരുമാന പരിധി ബാധകമല്ല.
- കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച എൻഡോസൾഫാൻ ദുരിത ബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടയാളെ പരിചരിക്കുന്നവർക്കാണ് ധനസഹായത്തിന് അർഹതയുള്ളത്.
- നിശ്ചിത ഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകകൾ സഹിതം ബന്ധപ്പെട്ട ഐ.സി.ഡിഎസ്സ് സൂപ്പർവൈസർക്ക് സമർപ്പിക്കേണ്ടതാണ്.

**<u>വിദ്യാഭ്യാസ ധനസഹായ പദ്ധതി :-</u>**

- 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്നതോ ബഡ്സ് സ്കൂളുകളിൽ പഠിക്കുന്നതോ ആയ എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.
- ഗുണഭോക്താക്കൾ സർക്കാരിന്റെ ഏതെങ്കിലും സ്കൂളുകളിലോ ഗവൺമെൻറ് അംഗീകൃത സ്കൂളുകളിലോ പഠിക്കുന്നവരായിരിക്കണം.
- ആരോഗ്യ വകുപ്പ് നടത്തുന്ന സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അംഗീകരിക്കുന്ന ലിസ്റ്റിൽ ഗുണഭോക്താവ് അഥവാ ഗുണഭോക്താവിന്റെ അച്ഛൻ, അമ്മ, സഹോദരങ്ങൾ, ഇവരിൽ ഏതെങ്കിലും ഒരു വ്യക്തി ഉൾപ്പെട്ടിരിക്കണം.
- പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന പുതുതായി ഒന്നാം ക്ലാസ്സിൽ പ്രവേശിച്ചവർക്കും ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുന്നതായിരിക്കും.
- നിശ്ചിത ഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകകൾ സഹിതം ബന്ധപ്പെട്ട ഐ.സി.ഡിഎസ്സ് സൂപ്പർവൈസർക്ക് സമർപ്പിക്കേണ്ടതാണ്.

**<u>4. വയോമിത്രം പദ്ധതി :</u>** സംസ്ഥാനത്തെ മുനിസിപ്പൽ/ കോർപ്പറേഷനുകൾ/ ബ്ലോക്കുകളിൽ താമസിക്കുന്ന 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് സമ്പൂർണ ആരോഗ്യ പരിരക്ഷയും

മാനസിക ഉന്മേഷവും നൽകുന്ന വയോമിത്രം പദ്ധതി കേരള സാമൂഹിക സുരക്ഷാ മിഷൻ നടപ്പിലാക്കുന്നു. നിലവിൽ 95 യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ടിപദ്ധതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വയോജനങ്ങൾക്ക് ഹെല്പ് ഡെസ്ക് സേവനം, വയോജനങ്ങൾക്കുള്ള കൗൺസിലിങ്, മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ പരിശോധന മരുന്ന് വിതരണം, പാലിയേറ്റീവ് കെയർ, വാതിൽപ്പടി സേവനം, മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ എന്നിവ നൽകി വരുന്നു. ഇതിന് പുറമെ മുതിർന്ന പൗരന്മാർക്ക് മാനസിക ഉല്ലാസം പ്രധാനം ചെയ്യാനുള്ള പരിപാടികൾ, വിവിധ ദിനാചരണങ്ങൾ, സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും വയോമിത്രം വഴി നടപ്പിലാക്കുന്നു. ജനകീയ പങ്കാളിത്തത്തോടുകൂടി വയോമിത്രത്തെ നഗര പ്രദേശങ്ങളിലെ മുതിർന്ന പൗരനമാരുടെ കൂട്ടായ്മയായി വളർത്താനുള്ള ശ്രമങ്ങൾ മിഷൻ നടത്തി വരുന്നു.

**<u>മാനദണ്ഡം</u>**

- നഗരപ്രദേശത്ത് താമസിക്കുന്ന 65 വയസ്സിനുമേൽ പ്രായമുള്ള വൃദ്ധജനങ്ങൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കുന്നു.
- ഈ പദ്ധതി സഹായത്തിന് പ്രത്യേക അപേക്ഷ ഫോറമില്ല.

**<u>5. സ്നേഹപൂർവ്വം പദ്ധതി :</u>** മാതാപിതാക്കൾ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണ് സ്നേഹപൂർവ്വം പദ്ധതി. ഇത്തരം കുട്ടികൾ അനാഥാലയങ്ങളിൽ എത്തിപ്പെടാതെ സ്വഭവനങ്ങളിലോ ബന്ധുഗൃഹങ്ങളിലോ താമസിച്ച് അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്നതാണ്

പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. മാതാപിതാക്കൾ ജീവിച്ചിരിപ്പുള്ള എച്ച്. ഐ.വി ബാധിതരായ കുട്ടികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കും 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 300/- രൂപ വീതവും 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 500/- രൂപ വീതവും 11, 12 എന്നീ ക്ലാസ്സുകളിലും ഐ.ടി.ഐ, പോളിടെക്നിക് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 750/- രൂപ വീതവും ഡിഗ്രി, പ്രൊഫഷണൽ കോഴ്സ് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 1000/- രൂപ വീതവുമാണ് ധനസഹായം അനുവദിക്കുന്നത്. ഒരു അദ്ധ്യയന വർഷം പരമാവധി പത്ത് മാസത്തെ ധനസഹായമാണ് അനുവദിക്കുന്നത്.

**<u>മാനദണ്ഡം</u>**

- മാതാപിതാക്കൾ മരിച്ച കുട്ടികൾ/ മാതാപിതാക്കളിൽ ഒരാൾ മരിച്ചു പോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തികമായ ബുദ്ധിമുട്ടുമൂലം കുട്ടിയെ സ്വകുടുംബങ്ങളിൽ നിർത്തി സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ കുട്ടിയെ കുടുംബാംഗങ്ങൾ തന്നെ സ്വഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം ചെയ്യിക്കുന്നതിനാണ് പ്രതിമാസ ധനസഹായം നൽകുന്നത്.

- 5 വയസ്സുവരെയുള്ള കുട്ടികളും, സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ ഡിഗ്രിതലത്തിൽ/ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളും പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

- കുട്ടിയെ സംരക്ഷിക്കുന്ന കുടുംബം ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവരോ അല്ലെങ്കിൽ ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപയും നഗരപ്രദേശങ്ങളിൽ 22,375/- രൂപ വരെയും വാർഷിക വരുമാനമുള്ളവരായിരിക്കണം.

- വെള്ളക്കടലാസിലുള്ള അപേക്ഷയും ബന്ധപ്പെട്ട രേഖകളും സഹിതം അപേക്ഷകർ അവരവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന മേധാവികൾ മുഖേന

ഓൺലൈൻ ആയി അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

- 5 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കും 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 300/- രൂപ വീതവും 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 500/- രൂപ വീതവും 11, 12 എന്നീ ക്ലാസ്സുകളിലും ഐ.ടി.ഐ, പോളിടെക്നിക് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 750/- രൂപ വീതവും ഡിഗ്രി, പ്രൊഫഷണൽ കോഴ്സ് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 1000/- രൂപ വീതവുമാണ് ധനസഹായം അനുവദിക്കുന്നത്. ഒരു അദ്ധ്യയന വർഷം പരമാവധി പത്ത് മാസത്തെ ധനസഹായമാണ് അനുവദിക്കുന്നത്.

**<u>6. സമാശ്വാസം പദ്ധതി</u>** : വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവെയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി. ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസം 1100/- രൂപ വീതവും വൃക്ക, കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയുള്ളവർക്ക് പ്രതിമാസം 1000/- രൂപ വീതവും ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/- രൂപ വീതവും നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2000/- രൂപ വീതവും അനുവദിച്ചു വരുന്നു.

**<u>മാനദണ്ഡം</u>**

**<u>സമാശ്വാസം I</u>**

- മാസത്തിലൊരിക്കലെങ്കിലും സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബാംഗമായിരിക്കണം.

- ആറുമാസമെങ്കിലും തുടർച്ചയായ ഡയാലിസിസ് ആവശ്യമുള്ളവരാണെന്ന് വൃക്കരോഗ വിദഗ്ദ്ധൻ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.

- ഡയാലിസിസ് ചെയ്തു കൊണ്ടിരിക്കുന്ന രോഗി വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനായി ഡയാലിസിസ് അവസാനിപ്പിച്ചാൽ വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള Immuno Suppressive Treatment എടുക്കുന്ന കാലയളവിൽ പരമാവധി രണ്ട് വർഷം ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഡയാലിസിസിന്റെ ഇടവേള ഒരു മാസത്തിൽ കൂടുതലാണെങ്കിൽ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

- മറ്റ് സർക്കാർ ധനസഹായം ലഭ്യമാകുന്നവർക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. ഈ പദ്ധതി പ്രകാരം പ്രതിമാസം 1100/- രൂപയാണ് ധനസഹായം അനുവദിക്കുന്നത്.

**<u>സമാശ്വാസം II</u>**

- വൃക്ക/ കരൾ എന്നീ അവയവങ്ങളിലേതെങ്കിലും മാറ്റി വെയ്ക്കപ്പെട്ട രോഗികൾ ആയിരിക്കണം. ശസ്ത്രക്രിയ കഴിഞ്ഞ തീയതി മുതൽ പരമാവധി 5 വർഷകാലത്തേയ്ക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്.

- വൃക്ക/ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ നടത്തി തുടർ ചികിത്സ ആവശ്യമുള്ളവരാണെന്ന് വൃക്ക/ കരൾ രോഗവിദഗ്ദ്ധൻ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.

- കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ളവരായിരിക്കണം.

- മറ്റ് സർക്കാർ ധനസഹായം ലഭിക്കുന്നവർക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

- ഈ പദ്ധതി പ്രകാരം പ്രതിമാസം 1000/- രൂപയാണ് ധനസഹായം അനുവദിക്കുന്നത്.

**<u>സമാശ്വാസം III</u>**

- രക്തം കട്ടപിടിക്കുന്നതിനാവശ്യമായ ഘടകങ്ങളുടെ കുറവ് മൂലം ഉണ്ടാകുന്ന ഹീമോഫീലിയയും

അനുബന്ധരോഗാവസ്ഥയും ഉള്ളവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

- പ്രതിമാസം 1000/- രൂപയാണ് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുക.
- എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെ ഹീമോഫീലിയ ബാധിച്ചിട്ടുള്ള എല്ലാ ആളുകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.
- സർക്കാരിന്റെ ക്ഷേമ പെൻഷനുകളോ മറ്റു ധനസഹായങ്ങളോ ലഭിക്കുന്നവർക്കും ഈ പ്രത്യേക പ്രതിമാസ ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
- ഹീമോഫീലിയ ബാധിച്ചയാളാണെന്ന് ഗവൺമെൻറ് മെഡിക്കൽ കോളേജിലെ മെഡിസിൻ/ പീഡിയാട്രിക്സ്/ ഹെമറ്റോളജി വിഭാഗത്തിലെ ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം. വകുപ്പ് തലവനോ/ സ്ഥാപന സൂപ്രണ്ടോ മെഡിക്കൽ സർട്ടിഫിക്കറ്റ് കൗണ്ടർ സൈൻ ചെയ്തിരിക്കണം.
- അർഹതയുള്ള ഗുണഭോക്താക്കൾക്ക് അവരുടെ പേരിലോ 15 വയസ്സിനു താഴെയുള്ള കുട്ടികളാണെങ്കിൽ കുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേയ്ക്ക് കോർബാങ്കിങ്/ RTGS വഴി പദ്ധതി ആനുകൂല്യം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതാണ്.
- എല്ലാ വർഷവും ജനുവരി/ ജൂൺ മാസങ്ങളിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

## സമാശ്വാസം IV

- സംസ്ഥാനത്ത് ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത ദാരിദ്രരേഖയ്ക്ക് താഴെയുള്ള പൊതു വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ രോഗബാധിതർ ആയിരിക്കും ഗുണഭോക്താക്കൾ.
- അപേക്ഷകർ അരിവാൾ രോഗം (HBSS) ബാധിച്ചവരോ HBS Combination ബാധിച്ചവരോ ആണെന്ന് HPLC (High Performing Liquid Chromatography) വഴി കണ്ടെത്തിയവരായിരിക്കണം. ഇത് സംബന്ധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് പാത്തോളജി വിഭാഗത്തിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

- (HBAS) Sickle Cell trair cases ന് ചികിത്സ ആവശ്യമില്ല. അതിനാൽ അത്തരം കേസുകളെ ടി പദ്ധതിയിൽ പരിഗണിക്കുന്നതാണ്.

- പട്ടികവർഗ്ഗക്കാരല്ലാത്ത അരിവാൾ രോഗം ബാധിച്ചവരെ മാത്രമേ ഈ പദ്ധതിയിൽ പരിഗണിക്കുകയുള്ളൂ.

- വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെയും വരുമാന സർട്ടിഫിക്കറ്റിന്റെയും രോഗാവസ്ഥ തെളിയിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജിലെ പാത്തോളജി വിഭാഗം നൽകുന്ന സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കുന്നതാണ്.

- രോഗി മരണപ്പെട്ടാൽ രോഗിയുടെ ആശ്രിതന് ധനസഹായം ലഭിക്കാൻ അർഹത ഉണ്ടായിരിക്കില്ല.

- ധനസഹായം ബാങ്ക് അക്കൗണ്ട് വഴി മാത്രമേ നൽകുകയുള്ളൂ.

- അർഹരായ അപേക്ഷകർക്ക് അപേക്ഷ സമർപ്പിച്ച മാസത്തിന് തൊട്ടടുത്ത മാസം മുതൽ ധനസഹായം അനുവദിച്ചു നൽകുന്നതാണ്.

- ധനസഹായം തുടർന്ന് ലഭിക്കുന്നതിന് എല്ലാ വർഷവും ജനുവരി/ ജൂൺ മാസങ്ങളിൽ നിശ്ചിത മാതൃകയിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

<u>**7. വി കെയർ പദ്ധതി**</u> : കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമപരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ധനാഗമ മാർഗ്ഗമായിട്ടാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. ആരോഗ്യ, സാമൂഹ്യ,മാനസിക പരിചരണം ലഭിക്കാൻ നിർവ്വാഹമില്ലാത്തതോ അതിന് തീരെ നിവർത്തിയില്ലാത്തതോ ആയ കേരളത്തിലെ ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റാൻ തക്കവിധത്തിൽ അടിസ്ഥാന ഫണ്ട് കണ്ടെത്താനുള്ള ഒരു ഉദ്യമമാണ് ഈ പദ്ധതി. ഇപ്രകാരം സമാഹരിക്കുന്ന തുക സമൂഹത്തിൽ പർശ്വവൽക്കരിക്കപ്പെട്ട ജന വിഭാഗങ്ങളുടെ ചികിത്സ, സാമ്പത്തിക

സഹായം, ജീവനോപാധി കണ്ടെത്തുവാനുള്ള സഹായം, പഠന സഹായം തുടങ്ങിയവയ്ക്കായി വിനിയോഗിക്കുന്നു.

വികെയർ പദ്ധതി പ്രകാരം സ്വരൂപിക്കുന്ന ഫണ്ട് വിനിയോഗിച്ച് അർഹരായ രോഗികൾക്ക് കിഡ്നി/ലിവർ ട്രാൻസ്പ്ലാൻറേഷൻ, ബോൺമാരോ ട്രാൻസ്പ്ലാൻറേഷൻ, ബ്രെയിൻ സ്റ്റിമുലേഷൻ സർജറി, കാർഡിയാക് സർജറി, ഇടുപ്പ് എല്ല്/മുട്ട് മാറ്റിവയ്ക്കൽ സർജറി, ഹോർമോൺ തെറാപ്പി കൂടാതെ സഹായ ഉപകരണങ്ങൾ എന്നിവ ഈ പദ്ധതി പ്രകാരം നൽകി വരുന്നു. വികെയർ പദ്ധതി യുടെ ഭരണപരമായ ചെലവുകൾക്കായി ബഡ്ജറ്റിൽ തുക അനുവദിക്കുന്നുണ്ട്.

**<u>8. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി</u>** : സംസ്ഥാനത്തെ 40% വൈകല്യം ബാധിച്ച മുഴുവൻ പേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാനരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതിയാണിത്. കൂടാതെ ദേശീയ തലത്തിൽ വൈകല്യമുള്ള വ്യക്തികളുടെ സ്ഥിതി വിവര കണക്കുകൾ ലഭ്യമാക്കുന്നതിനും, ഇവർക്ക് ദേശീയ തലത്തിൽ ഏകീകൃത രൂപത്തിലുള്ള തിരിച്ചറിയൽ കാർഡുകൾ (UDID – Unique ID for Persons with Disabilities) നൽകുന്നതിനുമുള്ള ഒരു പദ്ധതിക്ക് കേന്ദ്ര ഗവൺമെൻറിൻറെ Ministry of Social Justice & Empowerment se Department of Empowerment of Persons with Disabilities രൂപം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ Software ഉം ദേശീയ തലത്തിൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ഈ പദ്ധതി നടപ്പാക്കുന്ന 13 സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെടുന്നു.

**മാനദണ്ഡം**

- അപേക്ഷ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് 40% മോ അതിനുമുകളിലോ വൈകല്യം ഉള്ളവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും ഐഡന്റിറ്റി കാർഡും നൽകി വരുന്നു.
- നിശ്ചിത ഫോറത്തിൽ അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്.

**9. ജുവനൈ ൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി) :** Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച സമഗ്ര പദ്ധതിയാണ് മിഠായി പദ്ധതി. ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംങ്ങും മാതാപിതാക്കൾക്ക് പരിശീനലവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശൂർ കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രികളിൽ ആരംഭിച്ച ഡയബറ്റീസ് സെൻററുകളിൽ ഒരു എം.എസ്.സി നഴ്സിൻറെയും ഡയറ്റീഷ്യൻറെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. മിഠായി ക്ലിനിക് ഇല്ലാതിരുന്ന ജില്ലകളിൽ സാറ്റലൈറ്റ് സെന്ററിന്റെ പ്രവർത്തനം 2022 ഏപ്രിൽ മുതൽ ആരംഭിച്ചു. ഇൻസുലിൻ മരുന്ന്, രക്തത്തിലെ ഗ്ലൂക്കോസ് മോണിറ്റർ ചെയ്യുവാനുള്ള ഉപകരണങ്ങൾ തുടങ്ങിയവ സാറ്റലൈറ്റ് സെന്റർ മുഖേന നൽകി വരുന്നു.

**മാനദണ്ഡം**

- 18 വയസ്സിനു താഴെ പ്രായമുള്ളവരായിരിക്കണം പദ്ധതി ഗുണഭോക്താക്കൾ.

- അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 2 ലക്ഷത്തിൽ താഴെ ആയിരിക്കണം.

- അപേക്ഷകൻ/ രക്ഷാകർത്താവ് കേരളത്തിലെ സ്ഥിരതാമസക്കാരാ യിരിക്കണം.

- ടൈപ്പ് 1 രോഗ നിർണയത്തെ കുറിച്ചും പദ്ധതിയുടെ കീഴിൽ ശുപാർശ ചെയ്യുന്ന ചികിത്സാ രീതിയെ കുറിച്ചും എംപാനൽഡ് ഡോക്ടർ (പദ്ധതിയിലെ തന്നെ നോഡൽ ഓഫീസർ) കുട്ടി/ കൗമാരക്കാർക്ക് സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.

- ചികിത്സ ആരംഭിക്കുന്നതിനു മുൻപ് കുട്ടിയുടെ/ കൗമാരക്കാരുടെ മാതാപിതാക്കൾ ടി വിവരം അറിഞ്ഞുള്ള സമ്മതപത്രത്തിൽ ഒപ്പിടാൻ തയ്യാറായിരിക്കണം.

- കുട്ടിയുടെ/ കൗമാരക്കാരുടെ മാതാപിതാക്കൾ റെസിഡൻഷ്യൽ ഡയബറ്റിക് ക്യാമ്പുകൾ ഉൾപ്പെടെയുള്ള നിർബന്ധിത പരിശീലനത്തിന് തയ്യാറായിരിക്കണം.

**10. ഡിമൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക്** : വയോജനങ്ങൾക്കായി ഡിമെൻഷ്യ/ അൽഷിമേഴ്സ് മെമ്മറി ആൻഡ് സ്ക്രീനിംഗ് ക്ലിനിക്കുകൾ തുടങ്ങുവാനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ വയോമിത്രം ഗുണഭോക്താക്കൾ ആയ വയോജനങ്ങൾക്കിടയിൽ നിന്നും ഡിമെൻഷ്യ/അൽഷിമേഴ്സ് രോഗ സാധ്യതയുള്ളവരെ ആദ്യം തന്നെ കണ്ടെത്തി ആവശ്യമായ പരിചരണം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ആദ്യഘട്ടത്തിൽ വയോമിത്രം യുണിറ്റിലെ ഡോക്ടർമാർ ഉൾപ്പെടുന്ന മെഡിക്കൽ ടീമിന് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതാണ്.

**മാനദണ്ഡം**

- നഗരപ്രദേശത്ത് താമസിക്കുന്ന 65 വയസ്സിനുമേൽ പ്രായമുള്ള വയോമിത്രം പദ്ധതി ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കുന്നു.

- ഈ പദ്ധതി സഹായത്തിന് പ്രത്യേക അപേക്ഷ ഫോറമില്ല.

## <u>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റിഹാബിലിറ്റേഷൻ.</u>

NIPMR –ൽ ഭിന്നശേഷിക്കാർക്കായി മെച്ചപ്പെട്ട പുനരധിവാസ ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഫിസിയോ തെറാപ്പി, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി, ബിഹേവിയറൽ തെറാപ്പി, ഡെവലപ്പ്മെന്റൽ തെറാപ്പി, ഡയറ്റിക്സ് സേവനങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, ഇന്റലെക്ച്വൽ ഡിസെബിലിറ്റി ബാധിതരായ കുട്ടികൾക്കുള്ള പ്രത്യേക വിദ്യാഭ്യാസത്തിനായുള്ള സ്പെഷ്യൽ സ്കൂളുകൾ, ഓഡിയോ ആന്റ് സ്പീച്ച് സയൻസ് ലാബുകൾ, IQ ടെസ്റ്റ്, ഫിസിയാട്രിസ്റ്റ്, ഡെവലപ്പ്മെന്റൽ പീഡിയാട്രിഷ്യൻ എന്നിവരുടെ സേവനം, 8 കിടക്കകളോട് കൂടിയ സ്പൈനൽ കോർഡ് ഇഞ്ച്യുറി റീഹാബിലിറ്റേഷൻ യൂണിറ്റ്, ഓഡിറ്ററി വെർബൽ തെറാപ്പി എന്നീ സേവനങ്ങൾ നൽകി വരുന്നു. ഇത് കൂടാതെ താഴെ പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.

**സ്പെഷ്യൽ ട്രെയിനിംഗ് ആൻഡ് എംപവർമെന്റ് പ്രോഗ്രാം ഫോർ പാരേന്റ്സ്** (STEPS): ഭിന്നശേഷിക്കാരായ കുട്ടികളെ ശരിയായി പരിപാലിക്കുന്നതിന് രക്ഷിതാക്കളെ പ്രാപ്തരാകുന്ന പദ്ധതിയാണ്. നേരത്തെയുള്ള ഇടപെടൽ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ കുട്ടികളുടെ പ്രശനങ്ങൾ നേരത്തേ തിരിച്ചറിയാനും അത് വഴി എത്രയും വേഗം അനുയോജ്യമായ ചികിത്സ നടത്താനും കഴിയുന്നു.

**എംപവർമെന്റ് ത്രൂ വോക്കേഷണലൈസേഷൻ** ÅEm–Voc) : ഭിന്നശേഷിക്കാരായ 18 വയസ്സിന് മുകളിലുള്ള കുട്ടികളുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുന്നതിനായി എംപവർമെന്റ് ത്രൂ

വോക്കേഷണലൈസേഷൻ (Em-Voc) പദ്ധതിയും നടപ്പിലാക്കി വരുന്നു. തെറാപ്പികൾ നിശ്ചയിച്ച് നൽകുകയാണ് ചെയ്യുന്നത്. Em-Voc പദ്ധതിയിൽ പ്രത്യേക തൊഴിൽ മേഖലയിലെ അഭിരുചി, ശാരീരിക, മാനസിക ക്ഷമത എന്നിവ വിലയിരുത്തി അനുയോജ്യമായ ട്രേഡിൽ പരിശീലനം നൽകുന്നു.

**സ്പൈനൽ കോർഡ് ഇഞ്ച്യുറി റീഹാബിലിറ്റേഷൻ സെന്റർ ¾** നട്ടെല്ലിന് ക്ഷതം സംഭവിച്ച് കിടപ്പിലായവർക്കായി 8 കിടക്കകളോട് കൂടിയ IP ചികിത്സാ സൗകര്യം ഒരുക്കി ഈ വിഭാഗത്തിനാവശ്യമായ ശസ്ത്രക്രിയകൾക്ക് ശേഷമുള്ള പുനരധിവാസ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കി വരുന്നു.

**സെറിബ്രൽ പാൾസി റിഹാബിലിറ്റേഷൻ റിസർച്ച് സെന്റർ (CPRRC):** സെറിബ്രൽ പാൾസി ഓട്ടിസം ബാധിതരായ കുട്ടികളുടെ പ്രത്യേക വിദ്യാഭ്യാസം, തെറാപ്പികൾ എന്നിവയ്ക്കായി ഉൾപ്പെടെയുള്ള പുനരധിവാസ ചികിത്സയുടെ ഭാഗമായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സാമ്പത്തിക സഹായത്തോടെ NIPMR – ൽ നടത്തുന്ന പദ്ധതിയാണിത്.

**റീജ്യണൽ ഓട്ടിസം റിഹാബിലിറ്റേഷൻ റിസർച്ച് സെന്റർ (RARRC)** : ഓട്ടിസം ബാധിതരായ കുട്ടികളുടെ പഠനം ഉൾപ്പെടെയുള്ള പുനരധിവാസ ചികിത്സയുടെ ഭാഗമായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സാമ്പത്തിക സഹായത്തോടെ NIPMR –ൽ നടത്തുന്ന പദ്ധതിയാണിത്.

**ഇന്റലെക്ച്വൽ ആന്റ് ഡെവലപ്പ്മെന്റൽ ഡിസെബിലിറ്റീസ് (IDD) സ്പെഷ്യൽ സ്കൂൾ ¾** ഇന്റലെക്ച്വൽ ആന്റ് ഡെവലപ്പ്മെന്റൽ ഡിസെബിലിറ്റീസുള്ള കുട്ടികളുടെ പ്രത്യേക വിദ്യാഭ്യാസത്തിനായുള്ള സ്പെഷ്യൽ സ്കൂൾ NIPMR – ൽ പ്രവർത്തിക്കുന്നു.

**ചൈൽഡ് ഡെവലപ്പ്മെന്റ് ആൻഡ് റിസർച്ച് സെന്റർ (CDRC):** നേരത്തേയുള്ള ഇടപെടൽ പദ്ധതിയുടെ ഭാഗമായി 6 വയസ്സിൽ

താഴെയുള്ള കുട്ടികളുടെ വളർച്ചാ വിളംബം നേരത്തേ കണ്ടെത്താനും ആവശ്യമായ തെറാപ്പികളിലൂടെ അവരെ സ്വയം പര്യാപ്തരാക്കാനും ഉതകുന്ന തരത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സാമ്പത്തിക സഹായത്തോടെ NIPMR -ൽ നടത്തുന്ന പദ്ധതിയാണിത്.

**ഗെയ്റ്റ് ആന്റ് മോഷൻ അനാലിസിസ് ലാബ്**: ഒരു കുട്ടിയുടെ അല്ലെങ്കിൽ മുതിർന്ന വ്യക്തിയുടെ നടത്തം/ ഗെയ്റ്റിന്റെ 3-ഡി ഇമേജ് പകർത്താൻ അത്യാധുനിക കമ്പ്യൂട്ടർ സാങ്കേതികവിദ്യ ഉപയോഗിക്കുന്നു. സെറിബ്രൽ പാൾസി, മറ്റ് മോട്ടോർ വൈകല്യമുള്ള കുട്ടികൾ, നട്ടെല്ല് അല്ലെങ്കിൽ മസ്തിഷ്ക ക്ഷതം എന്നിവയി ൽ നിന്ന് കരകയറുന്ന മുതിർന്നവരി ൽ ഗെയ്റ്റ് ഒരു ചികിത്സാ ഉപാധിയായി ഉപയോഗിക്കുന്നു. ശരീരത്തിൽ സ്ഥാപിച്ചിരിക്കുന്ന ഇലക്ട്രോഡുകളും പ്രതിഫലന മാർക്കറുകളും പേശികളുടെ പ്രവർത്തനവും ശരീര ഭാഗങ്ങളുടെ ട്രാക്ക് ചലനവും അളക്കുന്നു. കാൽ പാദങ്ങൾ സൃഷ്ടിക്കുന്ന സമ്മർദ്ദവും ഊർജ്ജത്തിൻറെ ഉപയോഗവും അളക്കുന്നു. ശാരീരിക പരിശോധനയ്ക്കൊപ്പം ഈ ഡാറ്റയ്ക്ക് കുട്ടിയുടെ നടത്തം, ചുവട്, ഓട്ടം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക മാർഗ്ഗങ്ങൾ തിരിച്ചറിയാൻ ടീമിനെ സഹായിക്കാനാകും.

**മോട്ടോർ വെർച്ച്വൽ റിയാലിറ്റി ബേസ്ഡ് യൂണിറ്റ് (MVRU):** പ്രധാനമായും ഇന്ദ്രിയ സംയോജന പ്രശനങ്ങളുള്ള കുട്ടികളെയും മുതിർന്നവരെയും പുനരധിവസിപ്പിക്കുന്നതിനായി NIPMR -ൽ ഇന്ത്യയിലെ ആദ്യത്തെ വെർചൽ റിയാലിറ്റി ചേമ്പർ ആരംഭിച്ചു. 64 ലക്ഷം രൂപ ചിലവിൽ സജ്ജീകരിച്ചിരിക്കുന്ന ഈ യൂണിറ്റ് ഭിന്നശേഷി മേഖലയുമായി ബന്ധപ്പെട്ട ഇന്ദ്രിയ സംയോജന പ്രശ്നങ്ങൾക്ക് പരിഹാരമായി പ്രയോജനപ്പെടുത്തിവരുന്നു.

**ന്യൂറോ ഫിസിയോതെറാപ്പി യൂണിറ്റ്**: ന്യൂറോ ഫിസിയോതെറാപ്പിയിൽ ശരീരത്തിന്റെ നാഡീ, ന്യൂറോ മസ്കുലാർ സിസ്റ്റത്തിനുള്ളിലെ പ്രശ്നങ്ങളിൽ നിന്ന് തുടങ്ങി ചലനവും

പ്രവർത്തന വൈകല്യവുമുള്ള ആളുകളുടെ ചികിത്സ ഉൾപ്പെടുന്നു. NIPMR–ലെ ഈ യൂണിറ്റ് സംസ്ഥാനത്തെ ആദ്യത്തെ സമഗ്ര ന്യൂറോ ഫിസിയോതെറാപ്പി യൂണിറ്റാണ്. 103 ലക്ഷം രൂപ ചിലവഴിച്ചാണ് NIPMR – ൽ ആധുനിക സൗകര്യങ്ങളോടെയുള്ള ന്യൂറോ ഫിസിയോ തെറാപ്പി യൂണിറ്റ് സജ്ജീകരിച്ചിട്ടുള്ളത്.

**വീൽ ട്രാൻസ് പ്രോജക്റ്റ് (MLA –SDF):** MLA –SDF –ൽ നിന്ന് NIPMR ൻറെ സേവനം ആവശ്യമായ ഭിന്നശേഷിക്കാർക്ക് ഉപയോഗപ്രദമായ രീതിയിൽ ഭിന്നശേഷി സൗഹൃദമാക്കി ഒരു വാഹനം (ആമ്പുലൻസ്) പരിഷ്ക്കരിക്കുന്നു. പരസഹായം കൂടാതെ കഠിനമായ സ്പാസ്റ്റിക് ക്വാഡ്രിപ്ലെജിയയും മറ്റ് വൈകല്യങ്ങളും ഉള്ള കുട്ടികൾക്കും സുഷുമ്നാ നാഡി, മസ്തിഷ്ക ക്ഷതം എന്നിവയുള്ള കുട്ടികൾക്കും ഇത് ഉപയോഗിക്കാൻ കഴിയും. 24.02 ലക്ഷം രൂപ ചിലവഴിച്ച് ഭിന്നശേഷി സൗഹൃദമാക്കി സജ്ജീകരിച്ചിരിക്കുന്ന ഈ വാഹനം ഭിന്നശേഷിക്കാരുടെ യാത്രാ ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നു.

**പോട്ടറി & സിറാമിക്സ് യൂണിറ്റ്** : NIPMR ന്റെ സേവനം പ്രയോജനപ്പെടുത്തുന്ന ഭിന്നശേഷിക്കാരുടെ സർഗ്ഗാത്മക കഴിവുകൾ പ്രയോജനപ്പെടുത്തുന്നതിനായി ഒരു പോട്ടറി & സിറാമിക്സ് യൂണിറ്റ് തൊഴിൽì വൊക്കേഷണൽ ട്രെയിനിംഗിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ഭിന്നശേഷിക്കാരുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിനായുള്ള ഈ പദ്ധതിയാക്കി 17.4 ലക്ഷം രൂപയാണ് ചിലവഴിച്ചിരിക്കുന്നത്.

**റിഹാബ് എക്സ്പ്രസ്:** KSSM – NIPMR – KSRTC എന്നിവയുടെ സംയുക്ത പദ്ധതി. ഒരു ലോ ഫ്ലോർ AC ബസ് പരിഷ്ക്കരിച്ച് റിഹാബിലിറ്റേഷൻ പ്രൊഫഷണലുകൾ അടങ്ങുന്ന ഒരു ടീം, വിവിധ തെറാപ്പികൾക്ക് ആവശ്യമായ ഉപകരണങ്ങൾ, എന്നിവയടങ്ങുന്ന സംവിധാനമാണ് റിഹാബ് എക്സ്പ്രസ്. ഈ സംവിധാനമുപയോഗിച്ച് കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് പുനരധിവാസ ചികിത്സയും സഹായ ഉപകരണങ്ങളുടെ അളവ് എടുക്കൽ, ഭിന്നശേഷിക്കാർക്കുള്ള പരിശീലനം എന്നിവ നൽകാൻ കഴിയും. 96.07 ലക്ഷം രൂപ ചിലവഴിച്ചാണ് ഈ സേവനം ഭിന്നശേഷിക്കാർക്കായി സജ്ജീകരിച്ചിട്ടുള്ളത്.

**മ്യൂസിക് ആൻറ് ഡാൻസ് തിയറ്റർ ¾** ഭിന്നശേഷിക്കാരുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിനും മാനസികവും ശാരീരികവും സാമൂഹികവുമായ ഇടപെടലുകൾ വളർത്താനും കല പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കി ഒരു മ്യൂസിക്ക് ആന്റ് ഡാൻസ് തിയറ്റർ സ്ഥാപിച്ചിട്ടുണ്ട്.

**എർഗോ ലാബ്** : ഭിന്നശേഷിക്കാർക്ക് ആവശ്യമായ വസ്തുകൾ ഫർണിച്ചർ, കമ്പ്യൂട്ടർ മൗസ്, കീ ബോർഡ് തുടങ്ങിയവ ഉൾപ്പെടെയുള്ളവ കസ്റ്റം മെയ്ഡ് ആയി നിർമ്മിക്കുന്ന സംവിധാനമായ എർഗോ ലാബ് NIPMR ൽ സജ്ജീകരിച്ചിട്ടുണ്ട്.

**സെന്റർ ഫോർ മൊബൈലിറ്റി ആന്റ് അസിസ്റ്റീവ് ടെക്നോളജി** (C MAT): വീൽ ചെയറുകളുടെ കേടുപാടുകൾ പരിഹരിക്കൽ, വ്യക്തിക്ക് അനുയോജ്യമായ രീതിയിൽ മാറ്റം വരുത്തൽ എന്നിവയ്ക്കും സഹായക ഉപകരണങ്ങളുടെ നിർമ്മാണത്തിനുമായുള്ള സംവിധാനം NIPMR ൽ സജ്ജീകരിച്ചിട്ടുണ്ട്.

**സാറ്റലൈറ്റ് സെന്റർ അങ്കമാലി**: NIPMR ന്റെ പ്രവർത്തനങ്ങൾ ഇതര ജില്ലകൾക്ക് കൂടി ലഭ്യമാക്കുന്നതിന്റെ ഭാഗമായി അങ്കമാലി ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് ആഴ്ചയിൽ ഒരിക്കൽ ഫിസിയോ, സ്പീച്ച്, ഒക്യുപ്പേഷണൽ, ബിഹേവിയറൽ തെറാപ്പികൾ നൽകുന്നു.

**ദന്ത പരിചരണ വിഭാഗം** : NIPMR ന്റെ സേവനം പ്രയോജനപ്പെടുത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് പ്രത്യേകിച്ച് കുട്ടികൾക്ക് പല തരത്തിലുള്ള ഭന്ത രോഗങ്ങളും അനുബന്ധ പ്രശ്നങ്ങളും ഉണ്ടെന്നും ഇത് പലതരത്തിലുള്ള ബിഹേവിയറൽ പ്രശ്നങ്ങൾക്ക് കാരണമാകുന്നു എന്നും ഡെൻറൽ ഹൈജീനിന്റെ ഭാഗമായി ഒരു ഡെൻറിസ്റ്റിന്റെ സേവനം അത്യാവശ്യമാണ്. ഇത്തരം കുട്ടികൾക്ക് ആവശ്യമായ ദന്ത പരിചരണം മറ്റ് ഡെന്റെൽ കെയർ സെന്ററുകളിൽ ലഭ്യമല്ലാത്തതിനാൽ ഈ കുറവ് പരിഹരിക്കുന്നതിന് കൺസൾട്ടൻസി അടിസ്ഥാനത്തിൽ ഒരു ഒരു ഡെൻറൽ യൂണിറ്റ് സ്വാശ്രയ മാതൃകയിൽ NIPMR ൽ പ്രവർത്തിക്കുന്നു.

**ഭിന്നശേഷിക്കാർക്ക് സ്പോർട്ട്സ് ആന്റ് ഗെയിം ആക്റ്റിവിറ്റി സോൺ ¾** ഭിന്നശേഷിക്കാരുടെ മാനസീക ഉല്ലാസത്തിനൊപ്പം തെറാപ്പിയുടെ ഭാഗമായി സ്പോർട്ട്സ് ആന്റ് ഗെയിം ആക്റ്റിവിറ്റി സോൺ NIPMR ൽ സജ്ജീകരിച്ചിട്ടുണ്ട്.

**ഒപ്റ്റോമെട്രിക്ക് യൂണിറ്റ് സജ്ജീകരിക്കൽ ¾** ഭിന്നശേഷി ചികിത്സാ പുനരധിവാസ മേഖലയിൽ സമഗ്രമായ ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ഒപ്റ്റോമെട്രി യൂണിറ്റ് സജ്ജീകരിക്കേണ്ടത് അത്യാവശ്യമാണെന്നത് പരിഗണിച്ച് കാഴ്ച്ച പരിമിതർക്കായി ഒരു ഒപ്റ്റോമെട്രിക്ക് യൂണിറ്റ് സ്വാശ്രയ മാതൃകയിൽ NIPMR ൽ പ്രവർത്തിക്കുന്നു

**സിമുലേഷൻ സൂപ്പർ മാർക്കറ്റ്** : ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പണമിടപാട്, സാമൂഹ്യ ഇടപെടൽ, വിപണന തന്ത്രം, വ്യക്തിത്വ വികാസം എന്നിവ വളർത്തുന്നതിനും അതുവഴി സാമൂഹ്യ ഇടപെടൽ മെച്ചപ്പെടുത്തുന്നതിനും സിമുലേഷൻ മാതൃകയിൽ ഒരു സൂപ്പർ മാർക്കറ്റ് NIPMR ൽ പ്രവർത്തിക്കുന്നു.

**ഔട്ട് ഡോർ ആക്സസ്, ആമ്പുലേഷൻ ട്രാക്ക്, അക്വാട്ടിക് റീഹാബ് സംവിധാനം** : റിക്രിയേഷൻ സംവിധാനത്തിലൂടെ തെറാപ്പികൾ നൽകുന്നതിന് ഔട്ട് ഡോർ ആക്സസ്, ആമ്പുലേഷൻ ട്രാക്ക്, അക്വാട്ടിക് റീഹാബ് സംവിധാനം എന്നിവ NIPMR ൽ പ്രവർത്തിക്കുന്നു.

**ഫീഡിംഗ് ഡിസോഡർ ക്ലിനിക്ക്** : സമഗ്രവും ശാസ്ത്രീയവുമായ ഇടപെടലുകളിലൂടെ ഭക്ഷണ കാര്യത്തിൽ കുട്ടികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുകയും ഭക്ഷണസമയം സുഖകരവും ആസ്വാദകരവുമാക്കി മാറ്റുകയും ചെയ്യുക എന്ന പ്രവർത്തനമാണ് NIPMR-ലെ ഫീഡിംഗ് ഡിസോഡർ ക്ലിനിക് നിർവഹിക്കുന്നത്.

**അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്റ്റീവ് ആയ കുട്ടികൾക്കുള്ള മോട്ടോർ ആക്റ്റിവിറ്റി ജിം** : NIPMR ൽ ADHD കുട്ടികൾക്കായുള്ള മോട്ടോർ ആക്റ്റിവിറ്റി ജിം സജ്ജീകരിച്ചിട്ടുണ്ട്.

**സ്കേറ്റിംഗ് ട്രാക്ക്** : ഭിന്നശേഷിക്കാരായ കുട്ടികൾക്ക് റോളർ സ്കേറ്റിംഗ് പരിശീലനം നൽകുന്ന സംവിധാനം NIPMR ൽ ഒരുക്കിയിട്ടുണ്ട്.

മേൽ പ്രതിപാദിച്ച സേവനങ്ങൾ NIPMR ന്റെ സേവനങ്ങൾ ഈ മേഖലയിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ റെഫറൽ പ്രകാരവും സ്ഥാപനത്തെ നേരിട്ട് സമീപിക്കുന്നവരെ NIPMR ലെ മൾട്ടി ഡിസിപ്ലിനറി ടീമിന്റെ വിശദമായ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന തെറാപ്പി

ആവശ്യങ്ങൾക്കനുസരിച്ച് ആവശ്യമായ പുനരധിവാസ ചികിത്സ നൽകുകയാണ് ചെയ്യുന്നത്.

നിഷിൽ ബധിരർക്കും ശ്രവണ പരിമിതർക്കുമായി ഡിഗ്രി കോഴ്സുകളും ഡിസബിലിറ്റി പുനരധിവാസവും, ക്ലിനിക്കും പ്രവർത്തിക്കുന്നു. സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പാക്കി വരുന്ന ക്ഷേമ പദ്ധതികൾ നിഷിൽ നിലവിലില്ല.

**കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

**<u>1. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം</u>**

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ്ടോപ്, വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി. പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗുകൾ, വൈറ്റ് കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗവൺമെന്റ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ്

സർട്ടിക്കിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40% മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന
  സർട്ടിഫിക്കറ്റ്)
- ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എനുഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ്ടോപ്പ്, സൈഡ് വീൽ സ്കൂട്ടർ എന്നിവ എട്ട് വർഷത്തിലൊരിക്കലും സഹായ ഉപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കലും മാത്രം. (12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽA

2. **<u>ട്രൈസ്കൂട്ടർ വിതരണം</u>** – നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. 1

- 9 വയസ്സിന് മുകളിൽ പ്രായം,
- 40 പം അതിന് മുകളിലും ശതമാനമുള്ള ചലന പരിമിതി,
- ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം,
- സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Eligibility Criteria)
  ആയിരിക്കും.
- ° ലോക്കോമോട്ടോർ ഡിസബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു ഭിന്ന ശേഷിക്കാരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- Eligibility criteria meet ചെയ്യുന്ന വനിതകൾക്കും, എസ്റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും
  ഏറ്റവും പ്രഥമ പരിഗണന.

## 3. മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ 15,000/- രൂപ വരെ സബ്സിഡിയായി നൽകുന്നു. (ബിൽ തുക പരമാവധി 15,000/- രൂപ) നിശ്ചിത അപേക്ഷാഫാറത്തോടൊപ്പം സ്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റ് ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 40% വും അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്/ലേണേഴ്സ് ലൈസൻസ്, വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിക്കിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

## 4. സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നു. ലോൺ തുക 20,000/- രൂപവരെ ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്ലിഡിയായും ലോൺ തുക 20,001/- മുതൽ 50,000/- രൂപ വരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001/- മുതൽ 1,00,000/- രൂപ വരെ ലോൺ തുകയുടെ 25% ( മിനിമം 15,000/- രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ, അപേക്ഷകൻ ആവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷ ശുപാർശ ചെയ്യുന്നു. ഇതിനായി പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാ ഫോറത്തോടൊപ്പം 40% അതിനു മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

## 5. സ്വയം സഹായ സംഘങ്ങളുടെ പ പരിപോഷണം.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്ക് അനുയോജ്യമായ മൈക്രോ പ്രോജക്ടുകൾ തെരഞ്ഞെടുക്കാനും അതാരംഭിക്കാനുമായി 20,000/- രൂപ ധനസഹായം കോർപ്പറേഷൻ നല്കിവരുന്നു. സംഘത്തിൽ കുറഞ്ഞത് 5 ഭിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. തദ്ദേശ സ്ഥാപനങ്ങൾ/കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്തതായിരിക്കണം.

**6. ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം**

ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്ക് ധനസഹായമായി 5000/- രൂപ അനുവദിക്കുന്നു.

നിബന്ധനകൾ

- 13 വയസ്സിന് മുകളിൽ പ്രായം,
- 40 ഉം അതിന് മുകളിലും ശതമാനമുള്ള ഭിന്നശേഷിത്വം
- ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം,
- ലോട്ടറി വകുപ്പിൽ നിന്നുള്ള ലൈസൻസും, പുതിയ ഏജൻസി സർട്ടിഫിക്കറ്റ്
- പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

**7. സ്വയം തൊഴിൽ വായ്പക്കായി ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം തൊഴിൽ ധനസഹായം.**

സ്വയം തൊഴിൽ വായ്പക്കായി ഈട് നൽകാൻ സ്വന്തമായി വസ്തുവോ വീടോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് 25000/- രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

മാനദണ്ഡങ്ങൾ

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40° % അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.

- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് )
- ഗുരുതരമായ ഭിന്നശേഷിത്വമുള്ളവർ, വിധവകൾ, ഗുരുതരമായ അസുഖം ബാധിച്ച വൃദ്ധർ, 14 വയസ്സിന് താഴെ മാനസിക വൈകല്യമുള്ള കുടികളുടെ രക്ഷകർത്താക്കൾ എന്നിവർക്ക് മുൻഗണന.
- സ്വന്തമായി വസ്തുവോ വീടോ ഇല്ല എന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം.

## 8. എൻ.എച്ച്.എഫ്.ഡി.സി വായ്പ

നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതികൾ നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) എന്ന നിലയിൽ, 2000 മുതൽ നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന വായ്പകൾ കോർപ്പറേഷൻ നൽകുന്നു.

| തുക | പലിശ |
|---|---|
| 50000/- രൂപ വരെ | 5% |
| 90,000- 5,00,000/-രൂപ വരെ | 6% |
| 5,00,000- 15,00,000/- രൂപ വരെ | 7% |
| 15,00,000 - 25,00,000/- രൂപ വരെ | 8% |

(5,000 രൂപവരെയുള്ള വായ്പക്ക് കാഴ്ച, കേൾവി, ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് 1% പലിശയിളവ്)

**9. ഭിന്നശേഷിക്കാരായ എസ്.എസ്.എൽ.സി, പ്ലസ് ടു വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്**

40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെ ഉള്ളവവരുമായ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ബി ഗ്രേഡോ അതിന് മുകളിലോ മാർക്ക് വാങ്ങി ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. ബുദ്ധിപരമായ 1വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് മാർക്ക് നിബന്ധനയില്ല.

**10. ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി**

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20000/ രൂപ 18 വയസ്സ് വരെ സ്ഥിര നിക്ഷേപം നടത്തുന്നു.

യോഗ്യത : .

1.50 ശതമാനമോ അതിൽ കുടുതലോ ഭിന്നശേഷിത്വമുള്ളവർ;

2. പ്രതിവർഷ കുടുംബ വരുമാനം 10000/- രൂപ

3. പ്രായ പരിധി : നവജാതശിശു മുതൽ 12 വയസ് വരെ.

എ ട്രസ്റ്റി : കോർപ്പറേഷൻ

ബി) ഫണ്ട് റീലീസ് : 18 വയസിന് ശേഷമോ, അത്യാവശ്യ, ഘട്ടങ്ങളിലോ.

1. പാറശ്ശാലയിലെ (സാഫല്യം) വയോജന പരിചരണ കേന്ദ്രം 50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ (സാഫല്യം) എന്ന പേരിൽ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും, സ്നേഹം

പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും, പുരുഷനുമായി 40 പേരെ

സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

12. ഭവന വായ്പ പദ്ധതി – കേരളത്തിലെ ഭവനരഹിതരായ ഭിന്നശേഷിക്കാർക്ക് അർഹതയ്ക്ക് വിധേയമായി വീട് നിർമ്മാണത്തിനും വീട് വയ്ക്കുന്നതിനും വായ്പ നൽകുന്ന പദ്ധതിയാണ് മെറീഹോം പദ്ധതി. ടി പദ്ധതി പ്രകാരം പരമാവധി 50 ലക്ഷം രൂപ വരെ വായ്പ അനുവദിച്ചു വരുന്നു. സർക്കാർ/അർദ്ധ സർക്കാർ/സഹകരണ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ ജീവനക്കാർ, സ്വന്തമായി തൊഴിൽ ചെയ്യുന്ന സ്ഥിര വരുമാനമുള്ളവർ എന്നിവർക്കാണ് എൻ.ഡി.എഫ്.ഡി.സി ഭവന വായ്പ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. വായ്പയ്ക്ക് അപേക്ഷിക്കുന്നവർ 40 ശതമാനമോ അതിനു മുകളിലോ ഭിന്നശേഷിത്വമുള്ളവരും കേരളത്തിൽ സ്ഥിര താമസമുള്ളവരുമായിരിക്കേണം. അപേക്ഷകൻ വായ്പാ കാലാവധിയെക്കാൾ 2 വർഷത്തിനു മുകളിൽ സർവ്വീസ് കാലാവധി ഉണ്ടായിരിക്കേണം. നെറ്റ് സ്വാലറിയുടെ 25 ഇരട്ടി വരെ പരമാവധി ലോൺ തുക അനുവദിക്കുന്നു. പ്രോജക്ട് അപ്രൈസൽ കമ്മറ്റി തീരുമാനമനുസരിച്ചാണ് ലോൺ തുക അനുവദിക്കുന്നത്. കൂടാതെ ശമ്പള സർട്ടിഫിക്കറ്റ്, വീട് നിർമ്മിക്കുന്ന വസ്തുവിന്റെ ആധാരവും അനുബന്ധ രേഖകളും ജാമ്യമായി നൽകേണ്ടതാണ്. ടി പദ്ധതി അനുസരിച്ച് 5 ലക്ഷം രൂപ വരെ ആറ് ശതമാനവും 5 ലക്ഷത്തിനു മുകളിൽ 15 ലക്ഷം രൂപ വരെ ഏഴ് ശതമാനവും 1 ലക്ഷത്തിനു മുകളിൽ 30 ലക്ഷം രൂപ വരെ എട്ട് ശതമാനവും 30 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെ ഒൻപത് ശതമാനവുമാണ് പലിശ ഈടാക്കുന്നത്.

**11 സ്റ്റേറ്റ് റിസോഴ്സ് സെന്റർ**

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് നിലവിൽ ഹെഡ് ആഫീസ്, 2 റീജ്യണൽ ആഫീസ് എന്നിവയാണ് ഉള്ളത്. കേരളത്തിലെ പല ഭാഗങ്ങളിൽ നിന്നും ഭിന്നശേഷിക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി ഈ ആഫീസുകളിൽ എത്തിച്ചേരാൻ ഏറെ പ്രയാസമാണ്. അതിലുപരി 14 ജില്ലകളിലായി നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങൾ/പദ്ധതികൾ ഏകീകരിച്ച് മുന്നോട്ട് പോകുവാൻ കോർപ്പറേഷന്റെ നിലവിലെ സംവിധാനവും അപര്യാപ്തവുമാണ്. ഭിന്നശേഷിക്കാരിലേയ്ക്ക് കോർപ്പറേഷന്റെ സേവനങ്ങൾ എത്തിക്കുന്നതിന് താഴെത്തട്ടിലുള്ള ഫീൽഡ്തല ഇടപെടൽ അനിവാര്യമാണ്. മേൽ സാഹചര്യത്തിൽ 2022-23 plan write up-ൽ ഉൾപ്പെടുത്തിയിട്ടുള്ള State Resouce Centre എന്ന component സംബന്ധിച്ച പദ്ധതി, മാർഗ്ഗ രേഖ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കി 2022-2023 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതാണ്. കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് സർക്കാരിലേക്ക് അനുമതി നൽകിയിട്ടുണ്ട്.

**പാറശ്ശാലയിലെ (സാഫല്യം) വയോജന പരിചരണ കേന്ദ്രം**

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടു കൂടി 'സാഫല്യം' എന്ന പേരിൽ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും, സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും, പുരുഷനുമായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

<u>Orphanage control board</u>

ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള 199 വൃദ്ധസദനങ്ങൾ, ശാരീരിക വെല്ലുവിളി നേരിടുന്നവരെ സംരക്ഷിക്കുന്ന 34

ക്ഷേമസ്ഥാപനങ്ങൾ, 6 സംരക്ഷണ കേന്ദ്രങ്ങൾ Åബെഗ്ഗർ ഹോംസ് ) എന്നിവയക്ക് ഒരു താമസക്കാരൻ പ്രതിമാസം 1100/- രൂപ നിരക്കിൽ ഗ്രാന്റ് ഇൻ å എയ്ഡ്

നൽകിവരുന്നു.